# വേദാഭിമാനി

Vol.22
No.8
കാർത്തികപ്പള്ളി
R.No. 7361/02
2022 AUGUST

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com

## ഫൂൾസ് ഡേ സ്പെഷ്യൽ




ഏപ്രിൽ ഒന്നിന് ന്യൂസീലൻഡിലെ ഓക്‌ലൻഡിലുള്ള പ്രമുഖ കാർ ഡീലർ പത്രത്തിൽ ഒരു പരസ്യം നൽകി: 'ഏപ്രിൽ ഫൂൾസ് ഡേ സ്പെഷൽ. നിങ്ങളുടെ പഴയ കാറുമായി ഞങ്ങളുടെ ഷോറൂമിൽ വരുന്ന ആദ്യത്തെ ആൾക്ക് പുതിയ ബി.എം.ഡബ്ല്യു കാറുമായി മടങ്ങാം. എക്സ്ചേഞ്ച് ഓഫർ ഏപ്രിൽ ഒന്നിനു മാത്രം.' മറ്റേതു ദിവസമാണെങ്കിലും ഇങ്ങനെയൊരു പരസ്യം വിശ്വാസ്യതയുള്ള ഒരു കമ്പനിയുടേതായി വന്നാലുള്ള അവസ്ഥ ആലോചിക്കാമല്ലോ? ഷോറൂമിലേക്കുള്ള റോഡിൽ വൻ ട്രാഫിക് ബ്ലോക്ക് ഉറപ്പ്! പരസ്യം വിശ്വസിച്ച് ആളുകൾ ഇടിച്ചുകയറുമോ എന്നു കരുതി കമ്പനി കൂടുതൽ സെക്യൂരിറ്റിക്കാരെ നിയോഗിക്കുക വരെ ചെയ്തു. പക്ഷേ, ഏപ്രിൽ ഫൂളാക്കൽ പരിപാടിയാണെന്നു കരുതി അധികമാരും പഴയ വണ്ടിയുമായി വന്നില്ല. ആദ്യമെത്തിയത്, ടിയാന മാർഷ് എന്ന സ്ത്രീയാണ്. കബളിപ്പിക്കലാണെന്ന് ഉറപ്പിച്ച്, കമ്പനിക്കാരെ തിരിച്ചൊന്നു ഫൂളാക്കിക്കളയാം എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. കാറിന്റെ ചെറിയ മാതൃകയോ മറ്റോ ആയിരിക്കും തരിക എന്നും അവർ കരുതി. എന്നാൽ, ഷോറൂമിലെത്തിയപ്പോൾ കളിമാറി. അത്ഭുതമായി. ടിയാന മാർഷിന് കമ്പനി ഒരു പുതുപുത്തൻ ബി.എം.ഡബ്ല്യു കാർ ശരിക്കും സമ്മാനിച്ചു. പത്രപ്പരസ്യം അവിശ്വസിച്ച ബാക്കിയുള്ളവരെല്ലാം ഫൂളായപ്പോൾ ടിയാനയ്ക്ക് ലോട്ടറിയടിച്ചെന്നു ചുരുക്കം.

## നമ്മളും നന്നാവും

ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ഫിൻലന്റ് പ്രധാനമന്ത്രി പോലീസ് അന്വേഷണം നേരിടുകയാണ്. തന്റെ ഔദ്യോഗിക വസതിയിൽ താമസിക്കുന്ന ബന്ധുക്കളുടെ പ്രഭാത ഭക്ഷണച്ചെലവിന് പണം കൈപ്പറ്റി എന്നതാണ് ആരോപണം. പ്രധാനമന്ത്രിയുടെ ഭക്ഷണച്ചെലവ് വഹിക്കാൻ നികുതിദായകർക്ക് ബാധ്യതയില്ല എന്നതാണ് അവിടുത്തെ നിയമം. ഈ നിയമം അമേരിക്കയടക്കം ഒട്ടുമിക്ക വികസിത രാജ്യങ്ങളിലും നിലവിലുണ്ട്. നിങ്ങൾക്ക് അവിടുത്തെ ജനങ്ങളോട് അസൂയ തോന്നുന്നുണ്ടോ? നമുക്കും അവരെപ്പോലെ ആവാൻ സാധിക്കും. മൂന്ന് നാല് കാര്യങ്ങൾ ചെയ്താൽ മതി.

1. നേതാക്കളുടെ കൊള്ളരുതായ്മകൾ പൊതുവേദിയിൽ വന്ന് ന്യായീകരിക്കാതിരിക്കുക.

2. അവർ നമുക്ക് സമന്മാരാണെന്ന് സ്വയം പറഞ്ഞ് ബോധ്യപ്പെടുത്തുക.

3. അവർ ജീവിതത്തിൽ ഒരു തൊഴിലും ചെയ്തിട്ടില്ലെന്നും, കുടുംബസമേതം നമ്മുടെ നികുതിപ്പണം കൊണ്ടാണ് ജീവിക്കുന്നതെന്നും സ്വയം ബോധ്യപ്പെടുത്തുക.




4. എതിർകക്ഷിയുടെ നേതാവിനെ ചെറുതാക്കാൻ സ്വന്തം നേതാവിനെ വലുതാക്കാതിരിക്കുക. മെറിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തുക.

ശാരീരിക അടിമത്തം നിരോധിക്കാനേ നിയമങ്ങൾക്ക് സാധിക്കൂ. മാനസിക അടിമത്തം സ്വയം നിരോധിക്കണം എന്ന് മനസ്സിലാക്കുക. ഇത്രയും മനസ്സിലാക്കിയാൽ നമ്മളും നന്നാവും.

## ഡിജിറ്റൽ വ്യാജൻ




211 വർഷം മുൻപു ലോകത്താദ്യമായി ട്രെയിൻ ഓടിയതിന്റെ വീഡിയോ കണ്ടിട്ടുണ്ടോ? 1809 ഡിസംബർ 24-നു നടന്ന ആ മഹാചരിത്രസംഭവത്തിന്റേതെന്ന പേരിൽ ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് വീഡിയോ ഇപ്പോൾ പ്രചരിക്കുന്നുണ്ട്. ആളുകളെ കയറ്റിയ തുറന്ന ബോഗികളുള്ള, ആവി എൻജിൻ ട്രെയിനാണു ദൃശ്യങ്ങളിലുള്ളത്. ട്രെയിനിന്റെ യാത്ര വളരെ രസകരമാണ്. ഇടയ്ക്ക് ട്രാക്കിൽ വന്നുനിൽക്കുന്ന കഴുത എത്ര ശ്രമിച്ചിട്ടും മാറുന്നില്ല. ഒടുവിൽ എൻജിനിലുള്ളവർ പുറത്തിറങ്ങി ട്രാക്ക് തന്നെ മാറ്റിയാണു മുന്നോട്ടു പോകുന്നത്? എന്തൊക്കെയോ അപാകതകൾ തോന്നുന്നില്ലേ? ശരിയാണ്. 1809ൽ വീഡിയോഗ്രഫി നിലവിൽ വന്നതായി വിവരമില്ല. 1878ലാണു ചലിക്കുന്ന ദൃശ്യങ്ങളെന്നു പറയാവുന്ന ആദ്യ റെക്കോർഡിങ് ഉണ്ടാകുന്നത്. 1888ൽ ആദ്യത്തെ യഥാർഥ വീഡിയോ റെക്കോർഡിംഗ് ഉണ്ടായി – അതും വെറും 2 സെക്കൻഡ് മാത്രമുള്ളത്. അപ്പോൾ 1809ലെ ട്രെയിൻ യാത്രയുടെ രണ്ടര മിനിറ്റിലേറെയുള്ള വീഡിയോ എങ്ങനെ വന്നു? പ്രചരിക്കുന്ന വീഡിയോ 1923ൽ അമേരിക്കയിൽ പുറത്തിറങ്ങിയ 'അവർ ഹോസ്പിറ്റാലിറ്റി' എന്ന ബ്ലാക്ക് ആൻഡ് വൈറ്റ് കോമഡി സിനിമയിൽനിന്നുള്ള ദൃശ്യമാണ്.



വ്യാജ ട്രെയിൻ ഓടിയ സ്ഥിതിക്കു വിമാനത്തിനു പിന്നിലാകാൻ കഴിയില്ലല്ലോ! ഈ ദിവസങ്ങളിൽ വ്യാപകമായി പ്രചരിക്കുന്ന മറ്റൊന്നാണ് ഒരു ഡാമിൽ ലാൻഡ് ചെയ്യുകയും അവിടെനിന്നു ടേക്ക് ഓഫ് ചെയ്യുകയും ചെയ്യുന്ന മിഗ് വിമാനത്തിന്റെ വീഡിയോ. ട്വിറ്ററിലും ഫെയ്സ്ബുക്കിലുമൊക്കെ ഒട്ടേറെ ആളുകൾ പോസ്റ്റ് ചെയ്ത ഈ വീഡിയോ വാട്സാപ്പിലും വ്യാപകമായി വരുന്നുണ്ട്. യുദ്ധമുഖത്ത് ഉപയോഗിക്കുന്ന മിഗ് വിമാനങ്ങൾക്കു സാധാരണ വിമാനങ്ങൾക്കില്ലാത്ത പല കഴിവുകളുമുണ്ടെങ്കിലും പ്രചരിക്കുന്ന വീഡിയോ യഥാർഥമല്ല. ഡിജിറ്റൽ കോംബാറ്റ് സിമുലേറ്റർ (ഡി.സി.എസ് വേൾഡ്) എന്ന വീഡിയോ ഗെയിമിൽനിന്നുള്ള വീഡിയോ ദൃശ്യമാണിത്! വിമാനം പോലും ഡിജിറ്റലി സൃഷ്ടിച്ചതാണെന്നർഥം.

## സോളോഗമി ഇന്ത്യയിലും

പാശ്ചാത്യ രാജ്യങ്ങളിൽ പ്രചാരമേറുന്ന സോളോഗമി (ആളുകൾ തങ്ങളത്തന്നെ വിവാഹം ചെയ്യുക) ഇന്ത്യയിലേക്കും.

ഗുജറാത്തിലെ വഡോദര സ്വദേശിയായ ക്ഷമ ബിന്ദു ജൂൺ 11-ന് വഡോദരയിൽ തന്നെത്തന്നെ വിവാഹം കഴിച്ചിരിക്കുന്നു.

നവവധുവായി അണിഞ്ഞൊരുങ്ങി, പരമ്പരാഗതമായ എല്ലാ ചടങ്ങുകളോടെയുമായിരുന്നു വിവാഹം.

വരൻ ഇല്ലെന്നു മാത്രം. വിവാഹത്തിനു മുന്നോടിയായുള്ള ആഘോഷങ്ങളുമുണ്ടായിരുന്നു.

ആത്മസ്നേഹത്തിനായി തന്റെ ജീവിതം സമർപ്പിക്കുകയാണെന്നും അതിനാലാണ് ഇങ്ങനെയൊരു വഴി തെരഞ്ഞെടുത്തതെന്നും ക്ഷമ ബിന്ദു പറയുന്നു.



"സ്വയം അംഗീകരിക്കുന്നതിന്റെ ഏറ്റവും ആഴമേറിയ പ്രകടനമാണിത്. ഞാൻ എന്നെ എല്ലാ കുറവുകളോടെയും പൂർണമായി അംഗീകരിക്കുന്നു എന്നു പറയാനാണു ഞാൻ ശ്രമിക്കുന്നത്. "...ക്ഷമ ബിന്ദു പറഞ്ഞു".

സ്വയം വിവാഹം ചെയ്ത് തന്റെ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ ആളുകൾ ഇന്ന് തിരഞ്ഞെടുക്കുന്നത് സോളോഗമിയാണ്. ഇപ്പോൾ ഇന്ത്യയിലും ഇത് ആദ്യമായി റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഇത് എന്താണെന്നും കാരണങ്ങളും നോക്കാം. സ്വയം കല്ല്യാണം കഴിച്ചാൽ ഇവിടെ ഭർത്താവും ഭാര്യയും ഒരു വ്യക്തി തന്നെ. അതുകൊണ്ടുതന്നെ, ആരുടേയും അനുവാദത്തിനോ, ഇഷ്ടത്തിനോ കാത്തുനില്ക്കേണ്ട, തന്റെ ഇഷ്ടത്തിന് ജീവിതത്തിൽ പരിപൂർണ്ണ സ്വാതന്ത്ര്യം ലഭിക്കും. ഇത് സോളോഗമിയുടെ ഒരു ഗുണമായാണ് സ്ത്രീകൾ കണക്കാക്കുന്നത്.

തന്നെത്താൻ മനസ്സിലാക്കുകയും തന്റെ തീരുമാനങ്ങൾക്കും ഇഷ്ടത്തിനും അതിന്റേതായ വില ലഭിക്കുവാനും സോളോഗമി സഹായിക്കും എന്നത് ഇതിനൊരു കാരണമാണ്. കുടുംബവും കുട്ടികളും ബാധ്യതകളുമില്ലാതെ ജീവിക്കാം. ജീവിതത്തിൽ യാതൊരു ബാധ്യതയുമില്ലാതെ, പ്രശ്നങ്ങളും കുടുംബവഴക്കും ഇല്ലാതെ ജീവിതത്തെ അതിന്റേതായ പൂർണ്ണതയിൽ ആസ്വദിക്കുവാൻ ഇത് സഹായിക്കും എന്ന ചിന്തയും ഇത്തരം ജീവിത രീതിയിലേക്ക് ആകർഷിക്കുന്ന ഘടകങ്ങളാണ്.

## ഫ്രാൻസിലെ പറക്കും തളിക

മനുഷ്യന്റെ കൗതുകത്തേയും ഭാവനയെയും എക്കാലവും വിസ്മയിപ്പിച്ചിട്ടുള്ള ഒന്നാണ് പറക്കുംതളികകളും അന്യഗ്രഹ ജീവികളുമൊക്കെ. ഇംഗ്ലിഷിൽ UFO (Unidentified Flying Object) എന്നു വിളിക്കുന്ന പറക്കുംതളികകളെ അന്തരീക്ഷത്തിൽ കണ്ടുവെന്ന അവകാശവാദം എല്ലാക്കാലത്തുമുണ്ടായിട്ടുണ്ട്, ഈയടുത്ത് ഏറ്റവും രസകരമായ വ്യാജകഥയുണ്ടായതു രണ്ടു മാസം മുൻപു ഫ്രാൻസിലാണ്. ദക്ഷിണ ഫ്രാൻസ് പ്രവിശ്യയായ ഒക്സിടനിയിലെ പല മേഖലകളിലും അന്തരീക്ഷത്തിലൂടെ കടന്നുപോകുന്ന തിളങ്ങുന്ന വസ്തു രാത്രി ആളുകൾ കണ്ടതായി റിപ്പോർട്ട് വന്നു. ട്വിറ്റർ പോലുള്ള സമൂഹമാധ്യമങ്ങളിൽ ഇതേക്കുറിച്ചു പല വ്യാഖ്യാനങ്ങളായി. പ്രവിശ്യയിലെ ഒരു കാലാവസ്ഥാ നിരീക്ഷണ ഏജൻസി പലയിടത്തുനിന്നുള്ള വീഡിയോകൾ ഒരുമിച്ചു ചേർത്ത് ട്വീറ്റു ചെയ്തു. മാധ്യമങ്ങൾ ഇതു വ്യാപകമായി വാർത്തയാക്കുകയും ചെയ്തു.

ഒരാഴ്ച കഴിഞ്ഞാണു സത്യാവസ്ഥ പുറത്തുവന്നത്. റെമി ഗെയ്‌ലിയാർഡ് എന്ന ഹാസ്യാവതാരകൻ (prankster) സ്ഥലത്തെ കാലാവസ്ഥാ ഏജൻസിയുമായി ചേർന്നൊപ്പിച്ച തമാശയായിരുന്നു ആ തിളങ്ങുന്ന യു.എഫ്.ഒ.കൾ! ഫ്രാൻസിലെ വ്യവസ്ഥാപിത മാധ്യമങ്ങളെ കബളിപ്പിക്കുകയായിരുന്നുവത്രേ ലക്ഷ്യം! ഇത്തരം തമാശകളൊപ്പിക്കുന്നതിൽ വിദഗ്ദധനാണ് ഗെയ്‌ലിയാർഡ്. മൊബൈൽ ആപ്ലിക്കേഷനുകളുടെ കാലത്തുനിന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസിലേക്കു (എ.ഐ) സാങ്കേതികവിദ്യ വളർന്നെത്തിയ ഇന്ന്, ഇത്തരം വ്യാജങ്ങൾ സൃഷ്ടിക്കുക ഒട്ടും ബുദ്ധിമുട്ടുള്ള കാര്യമല്ല. യഥാർഥത്തിൽ ഇല്ലാത്ത മനുഷ്യരുടെയും ജീവികളുടെയും മാത്രമല്ല, കൃത്രിമ നഗരങ്ങളുടെ വരെ ചിത്രങ്ങളും മാപ്പുകളും തയാറാക്കാവുന്ന എ.ഐ ആപ്ലിക്കേഷനുകൾ ലഭ്യമാണ്. ഇന്നിപ്പോൾ ഒരു യഥാർഥ യു.എഫ്.ഒ.യിൽ കയറി യഥാർഥ അന്യഗ്രഹജീവി ഭൂമിയിലെത്തിയാൽ താൻ ഒറിജിനലാണോ എന്നു സ്വയം സംശയിച്ചു പോകുന്നത്ര വ്യാജന്മാരുണ്ട് ഇന്റർനെറ്റിൽ!



| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | റൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ - Rs. 250 മറ്റ് രാജ്യങ്ങൾ - Rs. 2000 | വേദാഭിമാനി, കേരള 690516 |

# ആത്മവഞ്ചന



മറ്റുള്ളവരാൽ വഞ്ചിക്കപ്പെടുന്നതിനേക്കാൾ അനേകമടങ്ങ് അപകടകരമാണ് സ്വയം വഞ്ചിതരാകുന്നത്. നമ്മെ ആരെങ്കിലും കബളിപ്പിച്ചാൽ ഇന്നല്ലെങ്കിൽ നാളെ നമുക്കതു മനസ്സിലാകും. എന്നാൽ ആത്മവഞ്ചനയ്ക്ക് ഇരയാകുന്നവർക്ക് ദൈവകരുണയില്ലെങ്കിൽ അതേപ്പറ്റി യാതൊരു ബോധ്യവും ലഭിക്കുന്നില്ല എന്നത് എത്രയോ ഭയങ്കരമാണ്! ഒരുവൻ അകപ്പെട്ടിരിക്കുന്ന സ്വയവഞ്ചന മറ്റുള്ളവർക്ക് വേഗം മനസ്സിലാകും. പക്ഷേ അവനാകട്ടെ, അതേപ്പറ്റി യാതൊരു ഊഹവും ലഭിക്കുന്നില്ല. “അവന് അവിടവിടെ നരച്ചിരിക്കുന്നു. എങ്കിലും അവൻ അറിയുന്നില്ല” (ഹോശേയ 7:9) എന്നു പറഞ്ഞിരിക്കുന്നതുപോലെയാണത്. അവനെ കാണുന്നവർക്കെല്ലാം അവന് അവിടവിടെ നരച്ചിരിക്കുന്നു എന്നു മനസ്സിലാകും. പക്ഷേ അവൻ മാത്രം അത് അറിയുന്നില്ല. എന്തൊരു ഗതികേട്!

യിസ്രായേൽ ജനം ഒരിക്കൽ ഈ ദുരവസ്ഥയിലായതിന്റെ പച്ചയായ ചിത്രീകരണം മലാഖി പ്രവാചകന്റെ പുസ്തകത്തിൽ നാം കാണുന്നു. മനോഭാവംകൊണ്ടും പ്രവൃത്തികൾകൊണ്ടും വാക്കുകൾകൊണ്ടും യിസ്രായേൽ ദൈവത്തെ മുഷിപ്പിക്കുകയാണു ചെയ്തിരുന്നത്. അവരുടെ പിന്മാറ്റം പകൽ പോലെ വ്യക്തമായിരുന്നു. എന്നിട്ടും അവർക്കുമാത്രം അതേപ്പറ്റി വെളിച്ചം ലഭിച്ചില്ല. തുടർന്ന് ദൈവം അവരുടെ പിന്മാറ്റത്തിന്റെ പടികൾ ഒരോന്നും ചൂണ്ടിക്കാട്ടുന്നു. പക്ഷേ അപ്പോഴും അവർക്കതു മനസ്സിലാകുന്നില്ല. അവർ തിരിച്ചു ചോദിക്കുകയാണ് “ഞങ്ങൾ എന്തു തെറ്റാണു ചെയ്തത്?” മലാഖി 1:6,7 2:17, 3:7,8.



ദൈവം യിസ്രയേലിന്റെ കുറവുകളെ ഓരോന്നായി തൊട്ടു കാണിക്കുമ്പോഴും അവർക്കു മാത്രം അക്കാര്യം മനസ്സിലാകുന്നില്ല! ഇതാണ് സ്വയവഞ്ചനയ്ക്ക് വിധേയരായി എന്നതിന്റെ തെളിവ്.

എങ്ങനെയാണ് ആളുകൾ ആത്മവഞ്ചന എന്ന കെണിയിൽ അകപ്പെടുന്നത്? രണ്ടുവാക്യങ്ങൾ നമുക്കു നോക്കാം: “ന്യായവിധി എന്നതോ വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളത് ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നേ” (യോഹന്നാൽ 3:19)

“അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചുകൈക്കൊള്ളാകയാൽ തന്നെ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന് ദൈവം അവർക്കു ഭോഷ്ക്കു വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു” (2 തെസ്സ. 2:10, 11).

ആത്മവഞ്ചനയിൽ ഒരുവൻ അകപ്പെടുന്നത് അവനു ലഭിക്കുന്ന ഒരു ന്യായവിധി തന്നെയാണ്. ആ ശിക്ഷാവിധി അവനു കിട്ടുവാനുള്ള കാരണം എന്താണ്? ഒന്നാമത്തെ വാക്യം പറയുന്നു: വെളിച്ചത്തേക്കാളേറെ ഇരുളിനെ സ്നേഹിച്ചാൽ നാം ആത്മവഞ്ചനയിൽ കുടുങ്ങും. സത്യത്തെയാണു വെളിച്ചം എന്നു പറഞ്ഞിരിക്കുന്നത്. ഭോഷ്ക്ക് ഇരുളും. നാം സത്യത്തെ സ്നേഹിക്കാതെ മനഃപൂർവം ഭോഷ്ക്കിനെ ഇഷ്ടപ്പെട്ടാൽ നാം ആത്മവഞ്ചനയിൽ കുടുങ്ങും. രണ്ടാമത്തെ വാക്യം കുറേക്കൂടി ഗൗരവമുള്ളതാണ്. നമ്മെ സംബന്ധിക്കുന്ന ഒരു സത്യത്തെ നാം ഇഷ്ടപ്പെടാതെയിരുന്നാൽ, ആ സത്യത്തെ നാം അവഗണിച്ചാൽ, നാം നമ്മെക്കുറിച്ചുള്ള ഒരു വ്യാജം ശരിയാണെന്നു വിശ്വസിക്കത്തക്കവണ്ണം ദൈവം നമ്മുടെമേൽ ഭോഷ്ക്കിന്റെ ഒരു വ്യാപാരശക്തിയെ അയക്കും. പിന്നെ, നാം ശ്രമിച്ചാൽകൂടി നമുക്കു നമ്മെ സംബന്ധിക്കുന്ന സത്യം കണ്ടെത്താൻ കഴിയാതെ പോകും! ജീവിതത്തിലെ തെറ്റായ ഒരു കാര്യത്തെക്കുറിച്ചു നമുക്കു വെളിച്ചം ലഭിച്ചാൽ, അല്ലെങ്കിൽ ഒരാൾ നമ്മുടെ തെറ്റായ മനോഭാവത്തിലേക്കു വിരൽ ചൂണ്ടിയാൽ, അതു വാസ്തവമാണെങ്കിൽ അതു നമ്മെ സംബന്ധിച്ച സത്യമാണ്. ഈ സത്യത്തെ നമ്മൾ അംഗീകരിച്ച് സ്നേഹിച്ച് അതിൽ നിന്നു ശുദ്ധീകരണം പ്രാപിക്കണം. അങ്ങനെ ചെയ്താൽ നാം ആത്മവഞ്ചനയിൽ കുടുങ്ങുകയില്ല. എന്നാൽ പലപ്പോഴും എന്താണു സംഭവിക്കുന്നത്? ആളുകൾക്ക് അവരവരെക്കുറിച്ച് നല്ല അഭിപ്രായവും മതിപ്പും ഉള്ളതുകൊണ്ട് തങ്ങളെക്കുറിച്ച് ഒരപ്രിയ സത്യം കേട്ടാൽ അത് അംഗീകരിക്കാൻ അവർ തയ്യാറാകുന്നില്ല. പകരം അവർ അതിനെ ന്യായീകരിക്കുന്നു. അപ്പോൾ അവർ ഒരു കാപട്യത്തിൽ മുഖം ഒളിപ്പിക്കുകയാണ്. വെളിച്ചത്തേക്കാളേറെ ഇരുളിനെ സ്നേഹിക്കുകയാണ്. ഫലം അവർ സ്വയവഞ്ചനയിൽ കുടുങ്ങുന്നു. തുടർന്ന് യാഥാർത്ഥ്യ ബോധത്തിലേക്ക് ഒരിക്കലും ഉണരാൻ കഴിയാതവണ്ണം വ്യാജത്തിന്റെ ഒരു വ്യാപാരശക്തിക്ക് അവർ വിധേയരായിപ്പോകുന്നു. ദൈവം തന്നെയാണ് അവരുടെമേൽ ഈ വ്യാപാരശക്തി അയച്ചതെന്ന് ഓർക്കുക. പിന്നെ എന്തു രക്ഷയാണുള്ളത്?

ആത്മവഞ്ചനയിൽ കുടുങ്ങാതിരിക്കാൻ ഒരു വഴിയേ ഉള്ളൂ–നാം നമ്മോടു തന്നെ നിർദയം സത്യസന്ധരായിരിക്കുക.

പക്ഷേ നാം അതിന് ഒരു വിലകാടുക്കാൻ തയ്യാറാവണം. ഉവ്വ്, ‘സത്യം വില്ക്കുകയല്ല വാങ്ങുകയാണല്ലോ ചെയ്യേണ്ടത്.

# ആത്മാഭിമാനം





അമേരിക്കൻ സ്വാതന്ത്ര്യസമരം നടക്കുന്ന കാലം. ജനറൽ റീഡ് ആയിരുന്നു അമേരിക്കൻ കോൺഗ്രസിന്റെ പ്രസിഡന്റ്. ജനറൽ റീഡിനെ തങ്ങളുടെ പക്ഷത്തേക്കു കിട്ടിയാൽ അമേരിക്കൻ സ്വാതന്ത്ര്യസമരം പരാജയപ്പെടുത്താമെന്ന് അന്നു ചില ബ്രിട്ടീഷുകാർക്കു പ്രതീക്ഷയുണ്ടായിരുന്നു.

ഈ പ്രതീക്ഷയുടെ പിൻബലത്തിൽ ബ്രിട്ടീഷ് കമ്മീഷണർമാരിലൊരാൾ ജനറൽ റീഡിനെ സമീപിച്ച് പതിനായിരം സ്വർണനാണയങ്ങൾ വാഗ്ദാനംചെയ്തു. ജനറൽ റീഡ് പറഞ്ഞു: “സുഹൃത്തേ, ഞാൻ ദരിദ്രനാണ്. എന്നാൽ, എന്നെ വിലയ്ക്കുവാങ്ങുവാൻ മാത്രം നിങ്ങളുടെ രാജാവ് ധനികനല്ല.”

എത്ര വൻതുക കൈക്കൂലി കൊടുത്താലും അതിൽ വീഴുന്നവനായിരുന്നില്ല അദ്ദേഹം. അതുകൊണ്ടാണ് തന്നെ വിലയ്ക്ക് വാങ്ങുവാൻ മാത്രം ധനികനല്ല ബ്രിട്ടീഷ് രാജാവ് എന്ന് ജനറൽ റീഡ് പറഞ്ഞത്.

അഴിമതിയുടെ കറപുരളാത്ത നേതാവായിരുന്നു ജനറൽ റീഡ്. കൈക്കൂലി വാങ്ങുന്നതിനെക്കുറിച്ച് അദ്ദേഹത്തിനു ചിന്തിക്കുവാൻ പോലും സാധ്യമല്ലായിരുന്നു.



ജനറൽ റീഡിന്റെ കഥ കേൾക്കുമ്പോൾ, ജീവിക്കുവാനറിയാത്തവൻ എന്നു ചിലരെങ്കിലും അദ്ദേഹത്തെ പരിഹസിച്ചേക്കാം. എന്നാൽ, യാഥാർഥ്യമെന്താണ്? ജീവിക്കുവാനറിയാമായിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ജീവിതത്തിൽ അന്തസായി പെരുമാറേണ്ടതും പ്രവർത്തിക്കേണ്ടതും എങ്ങനെയെന്ന് അദ്ദേഹത്തിനു വ്യക്തമായി അറിയാമായിരുന്നു. തന്മൂലമാണു കൈക്കൂലിയുടെ ചൂണ്ടയിൽ അദ്ദേഹം വീഴാതിരുന്നത്.

ജീവിക്കുവാനായി പലരീതിയിൽ പാടുപെടുന്നവരാണു നാമെല്ലാം. ഇതിനിടയിൽ നമ്മിൽ ചിലരെങ്കിലും ജീവിതം കുറെക്കൂടി എളുപ്പവും സുഖകരവുമാക്കുവാൻ വേണ്ടി വളഞ്ഞവഴികൾ തേടുന്നുണ്ടെന്നുള്ളതാണ് സത്യം. അഴിമതിയും അക്രമവും കൈക്കൂലിയുമൊക്കെ അങ്ങനെ ചിലരുടെയെങ്കിലും ജീവിതത്തിന്റെ ഭാഗമായി മാറുന്നു. പക്ഷേ, അതുവഴി തങ്ങൾക്കുണ്ടാകുന്ന നഷ്ടം എത്രയേറെയാണെന്ന് അവർ ചിന്തിക്കാറുണ്ടോ?

തട്ടിപ്പും വെട്ടിപ്പും നടത്തുന്നവരെ മാന്യന്മാരെന്നു നാം വിളിക്കുമോ? അഴിമതി നടത്തുകയും കൈക്കൂലി വാങ്ങുകയും ചെയ്യുന്നവരെ നാം ഏതെങ്കിലും രീതിയിൽ ആദരിക്കുമോ? തട്ടിപ്പും വെട്ടിപ്പും അഴിമതിയും കൈക്കൂലിയുമൊക്കെ തെറ്റാണെന്നു നമുക്കറിയാം. എങ്കിലും നമ്മിൽ ചിലരെങ്കിലും തെറ്റായ ഈ വഴികളിലൂടെ പലപ്പോഴും നടക്കുന്നു. അങ്ങനെ തങ്ങളുടെ ജീവിതം മ്ലേച്ഛവും ഹീനവുമായി മാറാൻ അവർ അനുവദിക്കുന്നു.

എന്നാൽ, ജീവിതമെന്തെന്നും ജീവിക്കേണ്ടതെങ്ങനെയെന്നും ശരിക്കറിയാവുന്നവർ തെറ്റായ ഈ വഴികൾ തെരഞ്ഞെടുക്കാറില്ല. അവർ എപ്പോഴും ഏതു പ്രലോഭനത്തെയും ചെറുത്തുനിൽക്കുകതന്നെ ചെയ്യും.

റോമൻ സെനറ്റിലെ തലയെടുപ്പുള്ള ഒരു അംഗമായിരുന്നു ഫ്രബീഷ്യസ്. അദ്ദേഹത്തെ സ്വാധീനിക്കുന്നതിനുവേണ്ടി ഗ്രീസിലെ എപ്പൈറസ് രാജ്യത്തെ രാജാവായിരുന്ന പൈറസ് ഒരു ശ്രമം നടത്തി. അപ്പോൾ ഫ്രബീഷ്യസ് കൊടുത്ത മറുപടി ശ്രദ്ധേയമാണ്:

“എനിക്ക് അല്പം കൃഷിസ്ഥലം മാത്രമേയുള്ളൂ. അതാണെങ്കിൽ അത്ര ഫലസമ്പന്നവുമല്ല. എങ്കിലും എനിക്കു ജീവക അതിൽനിന്നു ലഭിക്കുന്നു. ധനസമ്പാദനമായിരുന്നു എന്റെ ലക്ഷ്യമെങ്കിൽ ഞാൻ എത്രയോ പണ്ടേ വലിയ ധനികനാകുമായിരുന്നു! റോമിന്റെ ശത്രുക്കളെ എതിർത്തു പരാജയപ്പെടുത്തുന്നതിൽ ഞാനും മുമ്പനായിരുന്നു. എനിക്കു വേണമായിരുന്നെങ്കിൽ ഓരോ യുദ്ധത്തിനുശേഷവും പൊന്നും വെള്ളിയും ഇഷ്ടംപോലെ സമ്പാദിക്കാമായിരുന്നു. എന്നാൽ, ഞാനതു ചെയ്തില്ല.

“ഇനിയിപ്പോൾ താങ്കളിൽനിന്നു ധനം സമ്പാദിച്ചു ധനികനാകണമെന്ന് എനിക്കാഗ്രഹമില്ല. താങ്കൾ താങ്കളുടെ പൊന്നും വെള്ളിയുമൊക്കെ സ്വന്തം കൈയിൽ വച്ചുകൊള്ളൂ. ഞാൻ എന്റെ ദാരിദ്ര്യവും അതോടൊപ്പം എന്റെ മാന്യതയും എന്നോടൊപ്പം സൂക്ഷിച്ചുകൊള്ളാം.



ആരെയും ആകർഷിക്കത്തക്ക വാഗ്ദാനമായിരുന്നു ഫ്രബീഷ്യസിനു പൈറസ് നൽകിയത്. എങ്കിലും ഫ്രബീഷ്യസ് പൈറസിന്റെ വലയിൽ വീണില്ല. തെറ്റായ വഴിയിലൂടെയുള്ള ധനസമ്പാദനത്തിനു പകരം ആത്മാഭിമാനം കൈവിടാതെയുള്ള ദാരിദ്ര്യമാണ് അദ്ദേഹം തെരഞ്ഞെടുത്തത്. തന്മൂലം അന്തസോടെ ജീവിക്കുവാനും അന്തസ് നഷ്ടപ്പെടാതെ മരിക്കുവാനും അദ്ദേഹത്തിനു സാധിച്ചു.

ജനറൽ റീഡിനെപ്പോലെ തന്നെ, ജീവിക്കേണ്ടതെങ്ങനെയെന്ന് അറിയാമായിരുന്ന വ്യക്തിയായിരുന്നു ഫ്രബീഷ്യസ്. സ്വന്തം ആത്മാഭിമാനവും മാന്യതയും പണയപ്പെടുത്തിക്കൊണ്ടുള്ള ഒരു ജീവിതം അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചില്ല. അതുകൊണ്ട് ധനത്തിന്റെ പ്രലോഭനത്തെ ചെറുത്തുനിൽക്കുന്നതിൽ അദ്ദേഹം വിജയിച്ചു.

അമിതമായ ധനമോഹമാണ് ഇപ്പോഴും പലരെയും പാപത്തിന്റെ ചെളിക്കുണ്ടിൽ വീഴ്ത്തുന്നത്. ജീവിക്കുവാൻവേണ്ടി എന്നു പറഞ്ഞ് കൈക്കൂലി വാങ്ങുന്നവരും ധനമോഹത്തിന്റെ അടിമകളാണെന്നതിൽ സംശയമില്ല.

ജീവിക്കുവാൻ പണം വേണം എന്നതു ശരിതന്നെ. എന്നാൽ, അതു സമ്പാദിക്കുന്നതു ശരിയായ രീതിയിൽത്തന്നെയായിരിക്കണം. അല്ലാതെ പോയാൽ, ജീവിക്കുവാനുള്ള നമ്മുടെ വ്യഗ്രതയ്ക്കിടയിൽ ആത്മാഭിമാനവും മാന്യതയും സത്യസന്ധതയുമൊക്കെ കളഞ്ഞുകുളിക്കും. അപ്പോൾപ്പിന്നെ വെറും പകൽമാന്യന്മാരായി നമുക്കു ജീവിക്കേണ്ടിവരും.

അഴിമതിയും അക്രമവും നടത്തുമ്പോഴും മാന്യതയുടെ മൂടുപടമണിഞ്ഞ പകൽമാന്യന്മാരായി നമുക്കു ജീവിക്കാൻ സാധിക്കും പക്ഷേ, ആത്മാഭിമാനം കളഞ്ഞുകുളിച്ചുകൊണ്ടുള്ള ഈ ജീവിതശൈലിയെ നാം തന്നെ നമ്മുടെ ഉള്ളിൽ ആദരിക്കുകയില്ല. അപ്പോൾപ്പിന്നെ മറ്റുള്ളവരുടെ കാര്യം പറയണോ?

പകൽമാന്യതയ്ക്കപ്പുറമുള്ള മാന്യതയുടെ പാത നമുക്കു സ്വീകരിക്കാം. ആത്മാഭിമാനത്തോടെ ജീവിക്കാൻ നമുക്കു ശ്രമിക്കാം അപ്പോൾ നമ്മുടെ ജീവിതത്തെക്കുറിച്ചു നമുക്കും മറ്റുള്ളവർക്കും ഏറെ സംതൃപ്തിയും സന്തോഷവും ഉണ്ടാകും.



# ബാലവേദി

## വടിയിലെ വള്ളി

**കു**ന്നിൻമുകളിലേക്കുള്ള പാത വൃത്തിയാക്കാൻ തുടങ്ങുകയായിരുന്നു അഹിഗയും അഹാനുവും. കുന്നിന്റെ മുകളിലെ ദേവാലയത്തിലേക്കുള്ള പാതയിൽ വിരിച്ച കല്ലുകളിൽ കേടുവന്നതെല്ലാം ഇളക്കിമാറ്റി പകരം പുതിയതു വിരിക്കണം. തലവൻ ഏല്പിച്ച ജോലിയാണത്. ഓരോ കല്ലിലും തട്ടി നോക്കണം. ആ ശബ്ദം കേട്ടാലറിയാം, കല്ലിന് കേടുണ്ടോ എന്ന്. ഉണ്ടെങ്കിൽ അത് ഇളക്കിയെടുത്ത് മറ്റൊരു കല്ല് വിരിക്കണം. കുറച്ചു കഴിഞ്ഞപ്പോഴാണ് അഹിഗ അതു ശ്രദ്ധിച്ചത്; തട്ടി നോക്കി കേടുണ്ടെന്നു മനസ്സിലായിട്ടും അഹാനു പല കല്ലുകളും മാറ്റുന്നില്ല.

അഹിഗ കാര്യം ചോദിച്ചു. അഹാനു കള്ളച്ചിരിയോടെ പറഞ്ഞു: "എന്റെ അഹിഗാ, ഇതിലൊന്നും നമ്മൾ അത്രയ്ക്ക് ആത്മാർഥത കാണിക്കേണ്ട കാര്യമില്ല. ചെറിയ കേടൊക്കെ ആരറിയാനാ! അതിന്റെ മുന്നിലും പിന്നിലുമുള്ള കല്ലുകൾ ഉറപ്പുള്ളതാണെങ്കിൽ ഇതൊന്നും ആരും ശ്രദ്ധിക്കില്ല!"

കേടുപാടുള്ള കല്ലുകൾ മാറ്റാതിരുന്നാൽ അപകടമാണ്. അഹിഗയ്ക്ക് അതറിയാം. എങ്കിലും അയാൾ തൽക്കാലം ഒന്നും മിണ്ടിയില്ല. അല്പം കഴിഞ്ഞ് അഹിഗ പറഞ്ഞു: "അഹാനൂ, മുകളിലേക്കു കയറുമ്പോൾ ഒരു വടി കുത്തിപ്പിടിച്ചാൽ എളുപ്പമാ. വടി ഞാൻ കൊണ്ടുവരാം."

അതു ശരിയാണെന്ന് അഹാനു സമ്മതിച്ചു. കുറച്ചു നേരത്തിനുള്ളിൽ അഹിഗ രണ്ടു വടിയുമായി വന്നു. ആ വടികൾ കണ്ട് അഹാനു ചിരിച്ചുപോയി. വടിയുടെ നടുഭാഗം മുറിഞ്ഞിരിക്കുകയാണ്. മുറിഞ്ഞ ഭാഗം ഒരു വള്ളികൊണ്ട് പരസ്പരം ബന്ധിപ്പിച്ചിട്ടുണ്ട്.

അഹാനു ചോദിച്ചു: "ഈ വടി കുത്തി എങ്ങനെ നടക്കും? വടിയുടെ താഴത്തെ ഭാഗം തൂങ്ങിയാടുകയാണല്ലോ!"

അഹിഗ പറഞ്ഞു: "അതു സാരമില്ല. വള്ളിയുടെ മുന്നിലും പിന്നിലുമുള്ള ഭാഗങ്ങൾക്ക് ഉറപ്പുണ്ട്."

നേരത്തേ താൻ പറഞ്ഞതിനുള്ള മറുപടിയാണ് അതെന്ന് അഹാനുവിന് മനസ്സിലായി. ഏതു കാര്യം ചെയ്യുമ്പോഴും പൂർണമായിരിക്കണം. എന്തിന്റെയും ഓരോ ചെറിയ അംശവും ഒരുപോലെ പ്രധാനമാണ്. ആ പാഠമാണ് അഹിഗ പറഞ്ഞത്. അഹാനു അഹിഗയോടു മാപ്പു ചോദിച്ചു. കേടുപാടുള്ള എല്ലാ കല്ലും ശ്രദ്ധയോടെ മാറ്റുകയും ചെയ്തു.

## കോട്ടിനുള്ളിലെ കൈ



**പ**തിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലെ മിക്ക ചരിത്ര പുരുഷന്മാരുടെയും ചിത്രങ്ങളിൽ ഒരു കൈ സ്വന്തം ജാക്കറ്റിന്റെ മുൻവശത്ത് വച്ചുകൊണ്ട് ഇരിക്കുകയോ നിൽക്കുകയോ ചെയ്യുന്ന രീതി കാണാം. 'ഹാൻഡ്-ഇൻ-വേയ്സ്റ്റ്കോട്ട് പോസ്' (Hand-in -waistcoat pose), 'ഹാൻഡ്-ഇൻ-ജാക്കറ്റ് പോസ്' (Hand-in-jacket pose) എന്നൊക്കെയാണ് ഇതറിയപ്പെടുന്നത്. ശാന്തവും ദൃഢവുമായ നേതൃത്വത്തെ സൂചിപ്പിക്കുന്നതായിരുന്നു ഈ 'പോസ്'.

കൈ വസ്ത്രത്തിന് പുറത്തുവച്ച് ആരോടെങ്കിലും സംസാരിക്കുന്നത് അനാദരവാണെന്നായിരുന്നു ആറാം നൂറ്റാണ്ടിലെ ഗ്രീക്കുകാരുടെ വിശ്വാസം. അതുകൊണ്ട് അവർ കൈകൾ വസ്ത്രത്തോടു ചേർത്തുവച്ച് സംസാരിച്ചു. ഇത് പിന്നീട് അവരുടെ ചിത്രങ്ങളിലും പ്രതിമകളിലും സ്ഥാനം പിടിച്ചു. 18-ാം നൂറ്റാണ്ടിലെ കലാകാരന്മാരും ശില്പികളും ഇതേ രീതി പിന്തുടർന്നു. പിന്നീട് ഫോട്ടോഗ്രഫി പ്രചാരത്തിലായപ്പോഴും ഈ രീതി തുടർന്നു.

ഈ 'പോസിൽ' ഏറ്റവും പ്രശസ്തം ഫ്രഞ്ച് ചക്രവർത്തിയായ നെപ്പോളിയൻ ബോണപ്പാർട്ടിന്റെ ചിത്രമായിരിക്കും. അമേരിക്കയുടെ ആദ്യ പ്രസിഡന്റായിരുന്ന ജോർജ് വാഷിങ്ടൺ, കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതിയ കാൾ മാർക്സ്, അമേരിക്കൻ പ്രസിഡന്റായിരുന്ന ഫ്രാങ്ക്ളിൻ പിയേഴ്സ്, അമേരിക്കൻ വ്യവസായിയും കണ്ടുപിടിത്തക്കാരനുമായ സാമുവൽ കോൾട്ട് തുടങ്ങിയവരുടെ ചിത്രങ്ങളിലും ഇതേ പോസ് കാണാം.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇത്തരം ചിത്രരചനാരീതി അവസാനിച്ചു. എങ്കിലും സോവിയറ്റ് യൂണിയൻ നേതാവായിരുന്ന ജോസഫ് സ്റ്റാലിന്റെ 1948-ലെ ചിത്രത്തിൽ ഈ 'പോസ്' വീണ്ടും പ്രത്യക്ഷപ്പെട്ടു.




## ഭൂമി സങ്കല്പവും യാഥാർത്ഥ്യവും



(തുടർച്ച)

**ഏ**കദേശം 6,000 ഡിഗ്രി സെൽഷ്യസ് ആണ് ഭൂമിയുടെ കേന്ദ്രത്തിലെ താപനില! അതായത് ഏകദേശം സൂര്യന്റെ ഉപരിതലത്തിന്റെ അത്ര 'ഹോട്ട്'. അത്രയും ചൂടുള്ള സ്ഥലത്തുകൂടി കുഴിക്കണമെങ്കിൽ ആ ചൂടൊന്നും ഏശാത്ത ഉപകരണങ്ങൾ വേണം.

ഇങ്ങനെ നിർമ്മിച്ച തുരങ്കത്തിലൂടെ ഭൂമിയുടെ മറുവശത്തേക്ക് ചാടണമെങ്കിലോ? ഭൂമിക്കടിയിലെ അതിശക്തമായ ചൂടിനെ പ്രതിരോധിക്കുന്നതരം മാജിക് സ്യൂട്ടുകൾ തന്നെ വേണം.

ഭൂമി മണിക്കൂറിൽ 1,600 കിലോമീറ്റർ വേഗത്തിൽ സ്വയം കറങ്ങുന്നുണ്ട്. നമ്മളാവട്ടെ മണിക്കുറിൽ ഏകദേശം 20,000 കിലോമീറ്റർ വേഗത്തിലായിരിക്കും ഒരു തുരങ്കം ഉണ്ടാക്കിയാൽതന്നെ അതിലൂടെ സഞ്ചരിക്കുക. ഈ സമയത്ത് തുരങ്കത്തിന്റെ വശങ്ങളിലേക്ക് തെറിച്ചു ചെന്ന് അതിശക്തമായ കൂട്ടിയിടി ഉണ്ടാവാൻ സാധ്യതയുണ്ട്. പിന്നെ നമുക്ക് എന്ത് സംഭവിക്കും എന്ന് പറയേണ്ടല്ലോ!



കോറിയോളിസ് ഇഫക്ട് എന്ന പ്രതിഭാസമാണ് ഇതിനു കാരണം. വായു ഇല്ലാത്ത ഒരു തുരങ്കമാണ് നമുക്ക് സഞ്ചരിക്കാൻ നല്ലത്. അല്ലെങ്കിൽ അതിവേഗം സഞ്ചരിക്കുമ്പോൾ വായു സൃഷ്ടിക്കുന്ന പ്രതിരോധം പണിയാവും. ഭൂമിയുടെ കേന്ദ്രത്തിൽ എത്തുമ്പോൾ നമുക്ക് ഭാരമില്ലാതായി അവിടെ 'സ്റ്റക്ക്' ആകുന്ന അവസ്ഥപോലും ഉണ്ടായേക്കും.

ഗുരുത്വാകർഷണം കാരണം ഓരോ സെക്കൻഡ് കഴിയുംതോറും നമ്മുടെ ചാട്ടത്തിന്റെ സ്പീഡ് കൂടി ക്കൊണ്ടേയിരിക്കും. ഭൂമിയുടെ കേന്ദ്രത്തിൽ എത്തും വരെ ഇത് തുടരും. കേന്ദ്രത്തിൽനിന്ന് മുന്നോട്ട് പോകുമ്പോൾ ഇതേ ഗുരുത്വാകർഷണം നമ്മളെ പിന്നോട്ട് വലിക്കുകയും ചെയ്യും. അതോടെ യാത്ര അവിടെ അവസാനിക്കും.

ഇനി മറുവശത്ത് എത്തിയാൽ സേഫ് ആയി ലാൻഡ് ചെയ്യാൻ എന്തെങ്കിലും സംവിധാനം വേണം. ഇല്ലെങ്കിൽ വീണ്ടും തുരങ്കത്തിലേക്കുതന്നെ വീണ് വന്ന ദൂരം അത്രയും തിരിച്ചുപോയേക്കാം! ഊഞ്ഞാലാടുന്നതുപോലെ നമ്മൾ വീണ്ടും വീണ്ടും തുരങ്കത്തിന്റെ ഒരറ്റത്തുനിന്നും മറ്റൊരറ്റത്തേക്ക് ചാടിക്കളിച്ചുകൊണ്ടേയിരിക്കും. ഇങ്ങനെ ഭൂമിയെക്കുറിച്ചുള്ള യാഥാർത്ഥ്യങ്ങൾ മനസിലാക്കുമ്പോൾ പരിണമിച്ചോ, പൊട്ടിത്തെറിച്ചോ ഉണ്ടായതല്ല ഭൂമിയെന്നും അതിനൊരു സൃഷ്ടാവുണ്ട് എന്ന യാഥാർത്ഥ്യമാണ് വെളിപ്പെടുന്നത്.




ഇംഗ്ലീഷിലെ രസകരമായ ശൈലികൾ പരിചയപ്പെടാം!
**HIT**
എന്ന വാക്ക് വരുന്ന ചില ശൈലികളാണ് ഈ ലക്കത്തിൽ.



### Hit the roof

അങ്ങേയറ്റം ദേഷ്യപ്പെടുകയോ അസ്വസ്ഥമാകുകയോ ചെയ്യുക എന്നർഥം.
Mum will hit the roof when she sees this mess.

### Hit the road

യാത്ര പുറപ്പെടുക എന്ന അർഥത്തിൽ പ്രയോഗിക്കുന്ന ശൈലി. It's a national holiday this weekend, so lots of people will be hitting the road to night.

### Hit rock bottom

തകർച്ചയുടെ വക്കിലെത്തുക, ഏറ്റവും മോശം അവസ്ഥയിലെത്തുക എന്നൊക്കെയാണ് അർഥം.
The teacher should give Tom some praise and encouragement, before his confidence hits rock bottom..

## ദന്തം



ദന്തം എന്ന വാക്കിന്റെ അർഥമറിയാമല്ലോ; പല്ല്. (ദമനം എന്ന വാക്കിൽ നിന്നാണ് 'ദന്തം' വന്നത്. 'ദമന' ത്തിന് 'അടക്കുക', 'ശമിപ്പിക്കുക' എന്നൊക്കെയാണ് അർഥം. ഭക്ഷണത്തിന്റെ ശക്തിയെ ശമിപ്പിക്കുന്ന വീരനാണല്ലോ പല്ല്

KSRTC ബസുകൾ ക്ലാസ് മുറികൾ ആക്കുന്നു
വാർത്ത



# സ്നേഹത്തിൽ അടിസ്ഥാനപ്പെടാത്ത അനുസരണം



**ജീവസന്ദേശം**

ടി.എം. വർഗ്ഗീസ് ഓതറ

**ഭൂ**മിയെ സൃഷ്ടിച്ചു മനുഷ്യനെ ദൈവം അതിൽ പാർപ്പിച്ചപ്പോൾ ദൈവത്തിന്റെ ഉദ്ദേശ്യം ഭൂമിയിലുള്ള സകലവും സ്നേഹത്തിന്റെ അന്തരീക്ഷത്തിൽ ജീവിക്കയും ചരിക്കയും ചെയ്യണമെന്നുള്ളതായിരുന്നു. മനുഷ്യരിൽ നിന്ന് ദൈവം ആവശ്യപ്പെട്ട അനുസരണം ഒരു അടിമയുടെ അനുസരണമല്ല. പിന്നെയോ പ്രചോദിതമായ അനുസരണമായിരുന്നു. തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമില്ലാത്ത ഒരിടത്തു യഥാർത്ഥ സ്നേഹം ഉണ്ടായിരിക്കയില്ല എന്ന കാരണത്താൽ, മനുഷ്യൻ തെറ്റു തെരഞ്ഞെടുത്തു തന്നോട് അനുസരണക്കേടു കാണിക്കുന്ന അപകടം ഒളിഞ്ഞിരിപ്പുണ്ടായിരുന്നെങ്കിലും സ്വയം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ദൈവം ആദാമിനു കൊടുത്തു. എന്തു വിലകൊടുത്തായാലും സ്വതന്ത്രമായ ഒരു ബന്ധമാണു മനുഷ്യനുമായി ദൈവം ആഗ്രഹിച്ചത്. അടിമ മനോഭാവത്തോടെയുള്ള ഒരു സേവനം ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല; അന്ന് അവിടുന്ന് ആഗ്രഹിച്ചിരുന്നില്ല. ഇന്നും ആഗ്രഹിക്കുന്നില്ല.

ഉല്പ 22:2-ൽ യിസ്ഹാക്ക്, അബ്രഹാം സ്നേഹിച്ചിരുന്ന ഏകജാതനായ പുത്രൻ എന്നു വായിക്കുന്നിടത്താണു സ്നേഹം എന്ന വാക്ക് ആദ്യമായി കാണുന്നത്. ഈ അധ്യായത്തിൽ പിന്നീടു യിസ്ഹാക്കിനെ യാഗമായി അർപ്പിക്കുന്നതിൽ 'കാൽവറിയിൽ ദൈവം തന്റെ ഏകജാതനായ പുത്രനെ നമ്മുടെ പാപങ്ങൾക്കുവേണ്ടി യാഗമായി അർപ്പിച്ച ചിത്രമത്രേ നാം കാണുന്നത്. രണ്ടാം വാക്യത്തിൽ പരാമർശിക്കുന്ന സ്നേഹം പിതാവായ ദൈവത്തിനു പുത്രനായ ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ഒരു ചിത്രമാണ്. ഉൽപ. 24:67-ൽ ആണു സ്നേഹമെന്ന പദം രണ്ടാമതു കാണുന്നത്; യിസ്ഹാക്കിനു റിബേക്കയോടുള്ള സ്നേഹം - ഒരു ഭർത്താവിനു ഭാര്യയോടുള്ള സ്നേഹം - അതാണിവിടെ വർണ്ണിക്കുന്നത്. ഇവിടെയും ഈ അധ്യായത്തിന്റെ പിന്നീടുള്ള ഭാഗങ്ങളിലും വരച്ചുകാട്ടുന്നതു യേശുക്രിസ്തുവിനു തന്റെ സഭയോടുള്ള സ്നേഹത്തിന്റെ ഒരു വ്യക്തമായ ചിത്രമാണ്. ഇങ്ങനെ പഴയ നിയമത്തിൽപ്പോലും സാദൃശ്യങ്ങളിൽക്കൂടി ദൈവത്തിനു മനുഷ്യനോടുള്ള ഉൽക്കടസ്നേഹം പ്രതിഫലിക്കപ്പെട്ടിരിക്കുന്നു.



അതുകൊണ്ടു നമുക്ക് ഉല്പ. 42-ാം അദ്ധ്യായത്തിൽ കാണുന്ന യിസ്ഹാക്കിന്റെയും റിബേക്കയുടെയും ബന്ധത്തിൽക്കൂടെ നൽകിയിരിക്കുന്ന മങ്ങിയ ചിത്രത്തിൽ നിന്നു കർത്താവിനു നമ്മോടുള്ള സ്നേഹത്തിന്റെ ചില സ്വഭാവവിശേഷതകൾ കണ്ടുപിടിക്കാം. ദൈവം നമ്മെ എത്ര അധികമായി സ്നേഹിക്കുന്നു എന്നു വെളിപ്പെടുത്തുവാൻ ശ്രമിക്കുമ്പോൾ അവിടുന്ന് ഭാര്യാഭർതൃബന്ധം ഉദാഹരണമായി എടുക്കുന്നതു ശ്രദ്ധേയമാണ്. ഭാര്യാഭർതൃബന്ധമാണു ലോകത്തിലേക്കും ദൃഢമായ ബന്ധം. ഈ സാദൃശ്യത്തിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നതു ബുദ്ധിപൂർവ്വമല്ലെങ്കിൽതന്നെയും ഈ സാദൃശ്യം ദൈവം തെരഞ്ഞെടുത്തതായി എഫേ. 5:21-33 വാക്യങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നതു തനിക്കു നമ്മോട് ഉണ്ടായിരിക്കുന്നതും, നമുക്കു തന്നോട് ഉണ്ടായിരിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നതുമായ വ്യക്തിപരമായ ബന്ധത്തെ കുറിക്കുവാൻ ഉപകരിക്കുന്നു. മനുഷ്യനുമായി അപ്രകാരം ഒരു ബന്ധത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ അന്വേഷണം ഉല്പ. 24-ൽ ഉപമാരൂപത്തിൽ കാണാം. ഉല്പ. 24-ൽ അബ്രഹാമിനെ ദൈവത്തിന്റെയും, അബ്രഹാമിന്റെ ബാല്യക്കാരനെ പരിശുദ്ധാത്മാവിന്റെയും, യിസ്ഹാക്കിനെ ദൈവത്തിന്റെ പുത്രന്റെയും, റിബേക്കയെ രക്ഷിക്കപ്പെടാത്തതും പരിശുദ്ധാത്മാവു ക്രിസ്തുവിനുവേണ്ടി തേടിച്ചെല്ലുന്നതും ദൂരദേശത്തു വസിക്കുന്നതുമായ ഒരു അന്യന്റെയും സാദൃശ്യമായി നമുക്കു കാണാവുന്നതാണ്. അബ്രഹാമിന്റെ ബാല്യക്കാരന്റെ (അയാൾ ഈ നിയോഗത്തിൽ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും പ്രതിനിധിയാണ്) പെരുമാറ്റത്തിലും യിസ്ഹാക്കിനു റിബേക്കയോടുള്ള പെരുമാറ്റത്തിലും ക്രിസ്തുവിനു നമ്മോടുള്ള സ്നേഹത്തിന്റെ പ്രതിഫലനങ്ങൾ കാണാം.

ഒന്നാമതായി, അബ്രഹാമിന്റെ ദാസൻ യജമാനന്റെ സമ്പത്തിൽനിന്നു റിബേക്കയ്ക്കു സമ്മാനങ്ങൾ കൊടുക്കുന്നു. ഇതു ദൈവത്തെക്കുറിച്ച് ഒരു ഉൾക്കാഴ്ച നമുക്കു നൽകുന്നു. നമ്മോട് എന്തെങ്കിലും മുൻകൂട്ടി ആവശ്യപ്പെട്ടുകൊണ്ടല്ല, പിന്നെയോ, എന്തെങ്കിലും നമുക്കു നൽകിക്കൊണ്ടാണ് അവൻ നമ്മെ സമീപിക്കുന്നത്. സ്നേഹസമ്പന്നനായ ഭർത്താവു തനിക്കുള്ളതെല്ലാം സ്വന്തം ഭാര്യയ്ക്കുകൂടി അവകാശമായി കൊടുക്കുന്നതുപോലെ ദൈവവും തനിക്കുള്ളതെല്ലാം നമുക്കവകാശമായി തരുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിച്ചാൽ അവൻ നമ്മോടു പലതും ആവശ്യപ്പെടുമെന്നും നമ്മുടെ ജീവിതം ക്ലേശകരമാകുമെന്നും ഒരു തെറ്റിദ്ധാരണ പലർക്കുമുണ്ട്. ഇതു നാം തുറന്നു പറയാറില്ലെങ്കിലും നമ്മെത്തന്നെ സമ്പൂർണ്ണമായി അവന്റെ കൈയിലേക്ക് ഏൽപ്പിച്ചുകൊടുക്കാത്തതിന്റെ കാരണമിതാണ്. നേരെമറിച്ച് നമുക്കുള്ളതെല്ലാം കവർന്നെടുക്കാൻ വരുന്നതു താനല്ല പിശാചാണ് എന്നു യേശുക്രിസ്തു തന്നെ വ്യക്തമായി പറഞ്ഞിട്ടുണ്ട് (യോഹ. 10:10). പക്ഷേ ഈ കാര്യം വിശ്വസിക്കുന്നവർ എത്രയോ ചുരുക്കമാണ്. തനിക്കുള്ളതെല്ലാം നമുക്കു നൽകുവാനാണു യേശുക്രിസ്തു വന്നതെന്നു നാം യഥാർത്ഥമായി വിശ്വസിച്ചിരുന്നുവെങ്കിൽ നമ്മെത്തന്നെ വ്യവസ്ഥയില്ലാതെ അവന്റെ കൈകളിൽ സമർപ്പിച്ചുകൊടുക്കുന്നതിൽ നാം ഒരുത്തരും വൈമുഖ്യം കാണിക്കയില്ലായിരുന്നു.

# ആത്മവിശ്വാസത്തിന്റെ കാതൽ



**ഫ്രാ**ൻസിലെ ലൊറെയ്ൻ എന്ന കൊച്ചുഗ്രാമത്തിൽ ജീവിച്ചിരുന്ന ജോൺ ഓഫ് ആർക്കിന് ദൈവത്തിന്റെ സന്ദേശം ആദ്യമായി ലഭിച്ചത് 1428-ൽ ആയിരുന്നു. എന്തായിരുന്നെന്നോ ഈ പതിനാറുകാരിക്കു ലഭിച്ച സന്ദേശം? നൂറു വർഷത്തിലേറെയായി ബ്രിട്ടനുമായി ഏറ്റുമുട്ടി തോറ്റു നശിച്ചുകൊണ്ടിരുന്ന ഫ്രാൻസിനു ജോൺ നേതൃത്വം കൊടുക്കണം! ബ്രിട്ടനെ ഫ്രാൻസിന്റെ മണ്ണിൽ നിന്നു പായിച്ചു ഫ്രാൻസിനെ വീണ്ടും ശരിക്കും സ്വതന്ത്രയാക്കണം!

ദൈവത്തിന്റെ ഈ സന്ദേശമുണ്ടായപ്പോൾ അവൾ ആദ്യം ഓടിയൊളിക്കാനാണ് ശ്രമിച്ചത്. അബലയായ താൻ എങ്ങനെ ഫ്രാൻസിനു നേതൃത്വം നൽകുമെന്നായിരുന്നു അവളുടെ ചിന്ത.

എന്നാൽ, ദൈവത്തിന്റെ സ്വരം വീണ്ടും വീണ്ടും അവൾ കേട്ടപ്പോൾ അവൾക്ക് ആത്മധൈര്യം ലഭിച്ചു. ദൈവത്തിന്റെ ശക്തിയിലാശ്രയിച്ചുകൊണ്ട് അവൾ ചാൾസ് രാജാവിനെ മുഖം കാണിക്കുവാനെത്തി. രാജസന്നിധിയിലെത്തിയ അവൾ ധൈര്യസമേതം ദൈവത്തിന്റെ സന്ദേശം രാജാവിനെ അറിയിച്ചു.

ബ്രിട്ടനോട് ഏറ്റുമുട്ടാനാണു ദൈവത്തിന്റെ സന്ദേശം എന്നു കേട്ടപ്പോൾ രാജാവിന്റെ കാൽമുട്ടുകൾ കൂട്ടിയിടിച്ചു. പേരിൽ മാത്രം രാജാവായിരുന്ന അദ്ദേഹത്തിന് അല്പം പോലും ആത്മവിശ്വാസമില്ലായിരുന്നു. അക്കാര്യം രാജാവ് അവളോടു തുറന്നുപറയുകയും ചെയ്തു.

ഉടനേ ജോൺ പറയുകയാണ്. സ്വന്തം ശക്തിയെക്കുറിച്ചുള്ള സംശയങ്ങൾ അങ്ങു മാറ്റിവയ്ക്കുക. അങ്ങേയ്ക്കു വേണ്ടതു ദൈവത്തിലുള്ള വിശ്വാസമാണ്. അപ്പോൾ, അങ്ങേയ്ക്ക് അങ്ങയിൽത്തന്നെ വിശ്വാസമുണ്ടാകും.

ജീവിതവിജയത്തിന് ഏറെ ആവശ്യമുള്ള ഗുണങ്ങളിലൊന്നാണ് ആത്മവിശ്വാസം. പക്ഷേ, പലപ്പോഴും ഈ ഗുണം നമ്മിൽനിന്ന് ഏറെ അകന്നുനിൽക്കുന്നു എന്നതാണു വസ്തുത. നമുക്ക് ആത്മവിശ്വാസമില്ലാത്തതുകൊണ്ടു നാം വിജയിക്കേണ്ട പലയിടത്തും പരാജയപ്പെട്ടുപോകുന്നു.

ആത്മവിശ്വാസമില്ലാത്ത അബലയായിരുന്നു ജോൺ ഓഫ് ആർക്. എന്നാൽ, ദൈവത്തിൽ അവൾ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്തപ്പോൾ അവൾക്ക് ആത്മവിശ്വാസം താനേ ഉണ്ടായി. തന്മൂലമാണ്, ആത്മവിശ്വാസം ഉണ്ടാകുവാൻ ആദ്യം വേണ്ടതു ദൈവത്തിലുള്ള ഉറച്ച വിശ്വാസമാണ് എന്ന് അവൾ രാജാവിനോടു പറഞ്ഞത്.

ആത്മവിശ്വാസം ഉണ്ടാകുന്നതിനു നമുക്കും ആദ്യം വേണ്ടത് നമ്മുടെ സ്നേഹപിതാവായ ദൈവത്തിലുള്ള ഉറച്ചവിശ്വാസമാണ്. ദൈവത്തിൽ ഉറച്ചവിശ്വാസം നമുക്കുണ്ടെങ്കിൽ അതിന്റെ ഫലമായി ശരിയായ ആത്മവിശ്വാസം നമുക്കുണ്ടായിക്കൊള്ളും.

ബ്രിട്ടനെതിരായി പടയാളികളെ അണിനിരത്തുന്നതിനിടയിൽ ജോൺ ഒരിക്കൽ പടയാളികളോടു പറഞ്ഞു: നമ്മിലും നമ്മുടെ കൈകളിലും യാതൊരു ശക്തിയുമില്ല. നാം ദൈവത്തിന്റെ പടയാളികളായി മാറിയാലേ നമുക്കു വിജയിക്കാനാവൂ.



അവൾ പറഞ്ഞത് എത്രയോ ശരി! നാം നമ്മിൽത്തന്നെ ആശ്രയിച്ചാൽ നമുക്കൊന്നും നേടാനാവില്ല. എന്നാൽ, ദൈവത്തിന്റെ ശക്തിയിലാശ്രയിച്ചാൽ ആത്മവിശ്വാസത്തോടെ നമുക്കു പോരാടാനും വിജയിക്കാനും സാധിക്കുമെന്നതിൽ സംശയം വേണ്ട.

ദൈവത്തിന്റെ പടയാളികളായി മാറി ആത്മവിശ്വാസത്തോടെ യുദ്ധംചെയ്തു വിജയിക്കുവാൻ പോരാളികളെ ഉപദേശിച്ച ഒരവസരത്തിൽ ജോൺ അവരോടു പറഞ്ഞു: നമുക്കു വിജയം ലഭിക്കണമെങ്കിൽ നാം ആ വിജയം അർഹിക്കുന്നവരാകണം.

അപ്പോൾ പടയാളികൾ ജോനോടു ചോദിച്ചു: അതിനു ഞങ്ങൾ എന്തുചെയ്യണം?

ഈ ചോദ്യത്തിനു ജോൺ കൊടുത്ത മറുപടി ശ്രദ്ധേയമായിരുന്നു. അവൾ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ കഴുകി ശുദ്ധമാക്കുക.

നമ്മിൽ ശരിയായ ആത്മവിശ്വാസം എപ്പോഴും ഉണ്ടാകണമെങ്കിൽ നമ്മുടെ മനസ്സും ഹൃദയവും എപ്പോഴും ശുദ്ധമായിരിക്കുവാൻ നാം ശ്രദ്ധിച്ചേ മതിയാകൂ. അഴുക്കുപുരണ്ട ആത്മാവിൽ ദൈവം ഒരിക്കലും കുടികൊള്ളുകയില്ല എന്നതാണു സത്യം.

ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും നമ്മിലുള്ള അവിടുത്തെ സാന്നിധ്യവുമാണ് നമ്മുടെ ആത്മവിശ്വാസത്തിന്റെ കാതൽ. തന്മൂലം നമ്മുടെ ദൈവവിശ്വാസവും നമ്മിലുള്ള അവിടുത്തെ സാന്നിധ്യത്തിന്റെ ഏറ്റക്കുറച്ചിലുമനുസരിച്ചായിരിക്കും നമ്മുടെ ആത്മവിശ്വാസവും വിജയവും നിലകൊള്ളുന്നത്.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ



(തുടർച്ച)

ദൈവത്തിന്റെ വചനം ജീവദായകമാണ്. അത് നമുക്ക് പ്രത്യാശയും സന്തോഷവും പ്രദാനം ചെയ്യുന്നു. വചനം വായിച്ചാൽ മാത്രം പോരാ, അതനുസരിച്ച് ജീവിക്കുകയും വേണം. ലോകത്തെയും നമ്മുടെ ജീവിതത്തെയും പതിവിൽനിന്ന് വ്യത്യസ്തമായൊരു കാഴ്ചപ്പാടിൽ കാണാനും വിലയിരുത്താനും, ദൈവവചനം നമ്മെ പ്രേരിപ്പിക്കും. ഏറ്റുപറഞ്ഞ ക്രിസ്തീയ വിശ്വാസത്തിന്റെ പേരിൽ നാടുകടത്തപ്പെടുകയും തടവിൽ ആവുകയും ചെയ്ത യോഹന്നാനാണ് ചരിത്രത്തിലെ ദൈവികസാന്നിധ്യത്തെയും ചരിത്ര സംഭവങ്ങളിൽ ദൈവത്തിന്റെ പ്രവൃത്തികളെയും തിരിച്ചറിയാൻ കഴിഞ്ഞത്. ചരിത്രത്തെ നയിക്കുന്നത് ദൈവമാണ്. അതിനാൽ പീഡനങ്ങൾ നേരിടുമ്പോഴും ക്രിസ്തുവിശ്വാസികൾക്ക് ഭയം വേണ്ട.

**വെളിപ്പാട് 1:9-20, പ്രവാചക ദൗത്യദർശനം**

മഹത്വീകൃതനായ യേശുക്രിസ്തു ഏഴു സഭകൾക്കു നല്കുന്ന സന്ദേശമാണ് വെളിപാടുപുസ്തകത്തിന്റെ ഒന്നാം ഭാഗത്തു പ്രതിപാദിക്കുന്നത്. പേരെടുത്തു പറയുന്ന ഏഴു പ്രാദേശിക സഭകളെ മാത്രമല്ല, ആഗോളസഭയെ മുഴുവൻ ലക്ഷ്യമാക്കിയുള്ളതാണ് ഈ സന്ദേശം എന്നതിൽ സംശയമില്ല. ഇടയലേഖനങ്ങളുടെ ശൈലിയിൽ എഴുതിയിരിക്കുന്ന ഈ ഭാഗം ഒരു ദർശനത്തോടെ ആരംഭിക്കുന്നു. യേശുക്രിസ്തു തന്റെ ദാസനായ യോഹന്നാനെ പ്രവാചകദൗത്യം ഏല്പിക്കുന്നതാണ് ഈ പ്രാരംഭ ദർശനം. പഴയനിയമപ്രവാചകന്മാർക്കു ലഭിച്ച വിളിയോട് ഈ ദർശനത്തിന് ഏറെ സാമ്യമുണ്ട് (യെശ. 6:1-13; യെഹ. 1-3), ദർശനം ലഭിച്ച ആളിന്റെ അവസ്ഥ, സ്ഥലകാല സാഹചര്യങ്ങൾ, ഏല്പിക്കപ്പെടുന്ന ദൗത്യം, ദൗത്യം ഏല്പിക്കുന്ന യേശുക്രിസ്തുവിനെക്കുറിച്ചുള്ള വിവരണം എന്നിവയാണ് ഈ വാക്യങ്ങളിൽ പ്രതിപാദിക്കപ്പെടുന്നത്.



**വെളിപ്പാട് 2:1-3:22, സഭകൾക്കുള്ള ലേഖനങ്ങൾ**

ഏഴു സഭകൾക്കുള്ള ലേഖനങ്ങളായിട്ടാണ് ഈ ഭാഗം അവതരിപ്പിച്ചിരിക്കുന്നത്. എങ്കിലും പുതിയനിയമത്തിലെ ഇതരലേഖനങ്ങളിൽനിന്നും ഇവയ്ക്ക് ഏറെ വ്യത്യാസമുണ്ട്. ലേഖനങ്ങളിൽ പതിവായി കാണുന്ന അഭിവാദനങ്ങളോ ആശംസകളോ സമാപനാശീർവാദങ്ങളോ ഇവയിലില്ല. മറിച്ച്, പഴയനിയമത്തിലെ പ്രവാചകന്മാരുടെ പ്രഘോഷണങ്ങളോട് ഈ ലേഖനങ്ങൾക്ക് ഏറെ സാമ്യമുണ്ട്. ലേഖനരൂപത്തിലെഴുതിയ പ്രവചനങ്ങളാണിവ. സഭകളെക്കുറിച്ചുള്ള ക്രിസ്തുനാഥന്റെ വിലയിരുത്തലും വിമർശനങ്ങളും ശാസനകളും പ്രോത്സാഹനങ്ങളും ആണ് ഈ ലേഖനങ്ങളുടെ ഉള്ളടക്കം.

ലേഖനങ്ങൾക്കെല്ലാം പൊതുവായ ഒരു ഘടനയുണ്ട്.

1. ഓരോ സഭയ്ക്കും എഴുതാനുള്ള കല്പന
2. മനുഷ്യപുത്രദർശനത്തിലെ ഏതെങ്കിലും ഒരു ഘടകം
3. സഭയുടെ നേട്ടങ്ങളെ എടുത്തുകാട്ടി നല്കുന്ന പ്രശംസ
4. വീഴ്ചകളും കോട്ടങ്ങളും ചൂണ്ടിക്കാട്ടി ശാസന
5. മാനസാന്തരത്തിന് ആഹ്വാനം, ഉറച്ചുനിൽക്കാൻ പ്രചോദനം
6. ശിക്ഷയുടെ മുന്നറിയിപ്പ്
7. യുഗാന്ത്യോന്മുഖമായ വാഗ്ദാനം (20-22 അദ്ധ്യായങ്ങളിൽ ഇവയുടെ പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്)
8. ആത്മാവിന്റെ സന്ദേശം ശ്രവിക്കാൻ ആഹ്വാനം.

സന്ദേശം ആർക്ക് ആര് അയയ്ക്കുന്നു എന്നു പറഞ്ഞതിനുശേഷം ഞാൻ അറിയുന്നു എന്ന മുഖവുരയുമായിട്ടാണ് വിലയിരുത്തൽ ആരംഭിക്കുന്നത്. എല്ലാം അറിയുന്നവൻ സഭയെ സൂക്ഷ്മമായ നിരീക്ഷണത്തിനു വിധേയമാക്കുന്നു. രണ്ടുസഭകൾക്ക് (സ്മിർണ, ഫിലാദല്ഫിയാ) ശകാരമൊന്നും ലഭിക്കുന്നില്ല. മറ്റുരണ്ടുസഭകൾക്കാകട്ടെ (സാർദിസ്, ലാവോദിക്യാ) ശകാരമേ കിട്ടുന്നുള്ളൂ. സഭകളെയും വ്യക്തികളെയും ഉള്ളിൽ നിന്നുകാണുന്ന ക്രിസ്തുനാഥനാണ് ഇവിടെ സംസാരിക്കുന്നത്. ഓരോസഭയ്ക്കും നല്കുന്ന സന്ദേശങ്ങൾ എല്ലാംകൂടി ഒരുമിച്ചു പരിഗണിക്കുമ്പോൾ ആഗോളസഭയുടെ ചിത്രമാണ് ലഭിക്കുക. ഓരോ പ്രാദേശിക സഭയ്ക്കും ഓരോ വ്യക്തിക്കും ക്രിസ്തുവിന്റെ മുമ്പിലുള്ള തന്റെ അവസ്ഥ മനസ്സിലാക്കാനുതകുന്ന മുഖക്കണ്ണാടിയായി ഈ ലേഖനങ്ങളെ കാണാവുന്നതാണ്.

**വെളിപ്പാട് 2:1-7, എഫേസോസിലെ സഭയ്ക്ക്**

ഏഴുലേഖനങ്ങളിൽ ആദ്യത്തേത് എഫേസോസിലെ സഭയ്ക്കാണ് എഴുതുന്നത് (വാ. 1). റോമാസാമ്രാജ്യത്തിന്റെ പശ്ചിമ പൗരസ്ത്യഭാഗങ്ങൾക്ക് മധ്യേ നില്ക്കുന്ന ഏറ്റം പ്രധാനപ്പെട്ട തുറമുഖ നഗരമായിരുന്നു എഫേസോസ്. ഏഷ്യയിലെ പ്രമുഖനഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാജപാത ഇവിടെനിന്നാണ് ആരംഭിക്കുന്നത്. പ്രമുഖവാണിജ്യകേന്ദ്രം, തീർത്ഥാടനകേന്ദ്രം, എന്നിങ്ങനെയുള്ള ബഹുമതികൾ എഫേസോസിനുണ്ടായിരുന്നു. 50,000 പേർക്ക് ഇരിക്കാവുന്ന ഏഷ്യയിലെ ഏറ്റവും വലിയ ആംഫി തിയേറ്ററും എഫേസോസിൽ തന്നെയായിരുന്നു. ഇതിനേക്കാളെല്ലാം ഉപരി എഫേസോസിനെ ലോകപ്രസിദ്ധമാക്കിയത് ഗ്രീക്കിൽ അർത്തേമിസ് എന്നും ലത്തീനിൽ ഡയാന എന്നും അറിയപ്പെടുന്ന ഫലപുഷ്ടിയുടെ ദേവതയുടെ ക്ഷേത്രമാണ്. ബി.സി. 356-ൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി ജനിച്ച ദിവസം ഈ ക്ഷേത്രം അഗ്നിക്കിരയായി. പുതുക്കിപ്പണിതക്ഷേത്രം പുരാതനകാലത്തെ ഏഴു മഹാത്ഭുതങ്ങളിൽ ഒന്നായി പ്രകീർത്തിക്കപ്പെട്ടിരുന്നു. രോഗശാന്തിയും സന്താനലബ്ധിയും അതുപോലുള്ള മറ്റ് അനുഗ്രഹങ്ങളും തേടി പതിനായിരങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അവിടെ വന്നിരുന്നു. ഫലപുഷ്ടിയുടെ ദേവതയ്ക്കുള്ള ആരാധനയുമായി ബന്ധപ്പെട്ട് ലൈംഗിക അരാജകത്വം നടമാടിയിരുന്നതിനാലും എല്ലാത്തരം കുറ്റവാളികൾക്കും അഭയം നല്കിയിരുന്നതിനാലും ധാർമ്മികാധഃപതനത്തിന്റെ ഉറവിടമായും ഈക്ഷേത്രം പരിണമിച്ചു.

(തുടരും)



# നിർദ്ദോഷ വിനോദങ്ങൾ



നിർദ്ദോഷമായ വിനോദങ്ങളെപ്പറ്റി നാം വായിച്ചും കേട്ടും അറിഞ്ഞിട്ടുണ്ട്. എന്നാൽ ഇവയെ നാം എങ്ങനെ തിരിച്ചറിയും?

ധാർമ്മീകതയുമായി ബന്ധപ്പെട്ട ഒരു ചോദ്യമാണിത്. ധാർമിക മൂല്യബോധമുള്ള ഏതൊരു വ്യക്തിയുടെയും ബോധപൂർവ്വമുള്ള എല്ലാ പ്രവൃത്തികളും ഒന്നുകിൽ ശരിയോ അല്ലെങ്കിൽ തെറ്റോ ആണ്. താൻ വിശ്വസിക്കുന്ന പ്രമാണങ്ങൾക്ക് നിരക്കാത്ത ഒരു പ്രവൃത്തിയും ഇത്തരം ഒരു വ്യക്തിയെ സംബന്ധിച്ചു നിർദ്ദോഷമെന്നു പറയാനാവില്ല.

ഒരു ക്രിസ്ത്യാനി ചെയ്യുന്ന ഏതൊരു പ്രവൃത്തിയുടെയും ധാർമ്മികത ആ പ്രവൃത്തിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. അങ്ങനെയെങ്കിൽ ഒരു വിനോദത്തെ എങ്ങനെയാണു നിർദ്ദോഷമെന്നോ പാപമെന്നോ വിലയിരുത്തുക? ദൈവവചനത്തിൽ ഇപ്രകാരം പറയുന്നു: "നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്ക.....", "നിന്റെ അയൽക്കാരനെ നിന്നെപോലെതന്നെ സ്നേഹിക്ക", വചനപ്രകാരമുള്ള പരമമായ ദൈവസ്നേഹത്തിൽ നിന്നല്ലാത്ത ബോധപൂർവ്വമായ ഏതു പ്രവൃത്തിയും ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചു നിർദ്ദോഷമല്ല. "നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്‌വിൻ", എന്നീ വചനങ്ങളും ഓർക്കുക. ഇവയെല്ലാം മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് ഉറപ്പേകുന്നു.



വിനോദമെന്ന ലക്ഷ്യത്തോടെ മാത്രമാണ് നിങ്ങൾ അതിലേർപ്പെടുന്നതെങ്കിൽ അതു നിർദ്ദോഷമെന്നു പറയാനാവില്ല. വിശപ്പടക്കുവാൻ വേണ്ടി മാത്രം തിന്നുന്നതും കുടിക്കുന്നതും ഒരു മൃഗത്തെ സംബന്ധിച്ചു തെറ്റല്ലെങ്കിലും ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചു ദോഷകരമാണ്. തിന്നുന്നതിലും കുടിക്കുന്നതിലും ദൈവസേവയ്ക്കായി തന്റെ ശരീരത്തെ നിലനിർത്തുക എന്ന ഉദ്ദേശ്യവും ലക്ഷ്യവുമാണ് ഒരു വിശ്വാസിയെ ഭരിക്കേണ്ടത്. ആ ഉദ്ദേശ്യം ഭക്ഷണ കാര്യങ്ങളിൽ വിവേചനവും നിയന്ത്രണവും കൈവയ്ക്കുവാൻ അവനെ ഉത്തരവാദിയാക്കുന്നു. തിന്നുകയും കുടിക്കുകയും ചെയ്യുന്നതിലുള്ള സുഖത്തിനു വേണ്ടി അതു ചെയ്യുന്നതു പാപകരമായിരിക്കുന്നതുപോലെ തന്നെയാണ് വിനോദത്തിലെ സുഖത്തിനും ആവേശത്തിനുമൊക്കെ അതിലേർപ്പെടുന്നത്. അതുപോലെ തന്നെ, 'നമുക്കു ചില വിനോദങ്ങൾ ആവശ്യമാണ്' എന്ന കാരണത്താൽ അവയിൽ ഏർപ്പെടുന്നതും നിർദ്ദോഷമല്ല.

"നിങ്ങൾക്കാവശ്യമുള്ളതൊക്കെ നിങ്ങൾ അന്വേഷിക്കുവിൻ. കാരണം, അവ നിങ്ങളുടെ ആവശ്യങ്ങളാകുന്നു". ഇങ്ങനെ ദൈവവചനം ഒരിടത്തും നമ്മോടു പറയുന്നില്ല. "ദൈവത്തോടും മനുഷ്യനോടുമുള്ള സ്നേഹത്തിൽ എല്ലാം ചെയ്‌വിൻ" എന്നത്രേ പറയുന്നത്. അതുകൊണ്ട് ഒരു വിനോദത്തിലേർപ്പെടുന്നതു നിർദ്ദോഷമാകണമെങ്കിൽ നാം ചില കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. നമ്മുടെ വിലയേറിയ സമയത്തെ അപഹരിക്കുന്ന ഒരു വിനോദവും നിർദ്ദോഷമല്ല. ജീവിതം ഹ്രസ്വവും സമയം അമൂല്യവുമാണ്. നമുക്കു ഒരേ ഒരു ജീവിതവും ചെയ്തുതീർക്കാൻ ധാരാളം കാര്യങ്ങളും. പാപമയമായ ഈ ലോകത്തിൽ നമുക്കു പ്രകാശം പരത്തേണ്ടതുണ്ട്. സാധ്യമെങ്കിൽ മുഴുലോകത്തേയും രക്ഷയിലേക്കു കൊണ്ടുവരേണ്ടതുമുണ്ട്. അല്പം പോലും സമയം പാഴാക്കാനില്ല. തനിക്കു ചെയ്തു തീർക്കുവാനുള്ള പ്രവൃത്തിയുടെ വലിപ്പവും മഹത്വവും അറിയുകയും അതു ചെയ്യുവാൻ പ്രിയപ്പെടുകയും ചെയ്യുന്ന ഒരു വ്യക്തി തന്റെ സമയം നഷ്ടപ്പെടുത്തുന്ന എല്ലാ വിനോദങ്ങളും ഉപേക്ഷിക്കും. അതുപോലെ കർത്താവിന്റെ പണം നഷ്ടപ്പെടുത്തുന്ന ഒരു വിനോദവും നിർദ്ദോഷമല്ല. നമ്മുടെ മുഴുവൻ പണവും മുഴുവൻ സമയവും കർത്താവിന്റേതാണ്. നാമും മുഴുവനായി കർത്താവിന്റേതാണ്.

പിന്നെ എന്താണ് നിർദ്ദോഷമായ ഒരു വിനോദം? ദൈവത്തിന്റെ മഹത്വത്തിനും അവിടുത്തെ രാജ്യത്തിന്റെ താത്പര്യങ്ങൾക്കും വിരുദ്ധമായി നാം ഏർപ്പെടുന്ന ഏതു വിനോദവും പാപകരമാണ്, ചിലർ ചോദിച്ചേക്കാം: "ഇതിലെന്താണ് പാപകരമായുള്ളത്?" അവർ കാര്യങ്ങൾ വിലയിരുത്തുന്നിടത്താണ് തെറ്റുപറ്റുന്നത്. അധാർമ്മികമെന്നു പുറമേ തോന്നാത്ത വിനോദങ്ങളെ നിർദ്ദോഷമെന്ന് അവർ വിലയിരുത്തുന്നു. ഒരു വിനോദത്തിലേർപ്പെടുന്നതിന്റെ ഉദ്ദേശ്യത്തെയും ആത്യന്തിക ലക്ഷ്യത്തെയും അടിസ്ഥാനമാക്കി വേണം ആ പ്രവൃത്തിയെ വിലയിരുത്തുവാൻ, അതിലാണ് അവർ പരാജയപ്പെടുന്നത്. ദൈവത്തെ സന്തോഷിപ്പിക്കുന്നതും മഹത്വപ്പെടുത്തുന്നതുമായ ഒന്നല്ല നമ്മുടെ വിനോദങ്ങളെങ്കിൽ അവ പാപകരമാണ്; ദൈവത്തിനു പ്രസാദകരവും ദൈവരാജ്യത്തിനു പ്രയോജനകരവും അല്ലാത്ത വിനോദങ്ങൾ ക്രിസ്തീയ വിശ്വാസിക്ക് സ്വീകാര്യമല്ല. ആഴമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ താൽപര്യപ്പെടുന്നവർ മാത്രം ചിന്തിക്കേണ്ട വിഷയമാണിത്.



# ബൈബിൾ വെറും ഒരു പുസ്തകമോ?




പ്രപഞ്ചാരംഭത്തിന്റെയും വികാസപരിണാമങ്ങളുടെയും പൊരുൾ തേടുന്ന മനുഷ്യൻ അവയ്ക്കുത്തരം കണ്ടെത്താനുള്ള കണികാ പരീക്ഷണത്തിന്റെ പരിശ്രമത്തിലാണ്. മഹാവിസ്ഫോടനത്തിന്റെ പുനഃരാവിഷ്കാരത്തിന് കോപ്പുകൂട്ടുമ്പോൾ തന്റെ തന്നെ അസ്ഥിത്വം ദൈവിക അനശ്വരതയുമായി ബന്ധപ്പെട്ടുകിടക്കുന്ന കാര്യം മറന്നുള്ള അന്വേഷണത്തിലാണവൻ. ജന്മനാ അന്ധത ബാധിച്ചിട്ടുള്ളവന് വർണ്ണപ്പകിട്ടുകളും ദൃശ്യവിസ്മയങ്ങളും അഗ്രാഹ്യമായിരിക്കുന്നതുപോലെ സമയബന്ധിതമായ മനുഷ്യമനസിന് അനന്തതയെക്കുറിച്ച് പരിമിതമായ അറിവ് മാത്രമേയുള്ളു. ഈ അളവുകോലുകൊണ്ട് കാലത്തേയോ ദൈവത്തേയോ അളക്കുവാൻ വ്യഗ്രതയിലായിരിക്കുന്ന മനുഷ്യന് എന്നെങ്കിലും തന്റെ പരിശ്രമത്തിൽ വിജയിക്കുവാൻ കഴിയുമോ?




ദൈവത്തെ അറിയണമെങ്കിൽ ദൈവവുമായി ബന്ധപ്പെടണം. ദൈവവചനമാണ് ദൈവവുമായി നമ്മെ കൂട്ടിയിണക്കുന്നത്. ലോകത്തേയും കാലത്തേയും കുറിച്ചുള്ള അറിവുകൾ ദൈവവചനത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഇത് വായിക്കുകയും കേൾക്കുകയും ചെയ്യുന്ന ഒരുവനു മാത്രമേ കാലത്തെയും ദൈവത്തെയും കുറിച്ചുള്ള യഥാർത്ഥ അറിവ് ലഭിക്കുകയുള്ളു. മനുഷ്യനെ ജ്വലിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചിന്തിപ്പിക്കുകയും പഠിപ്പിക്കുകയും വഴിനടത്തുകയും ചെയ്യുന്ന നിത്യരക്ഷയുടെ പ്രമാണവും മാർഗ്ഗവുമാണ് ദൈവവചനം. അനുദിന ജീവിതത്തിനായി ഓരോ ദിവസവും നോക്കേണ്ടത് തിരുവചനത്തിലേക്കാണ്. ദൈവം മത്സ്യത്തിന് ജലവും വിവേകിയായ മനുഷ്യന് ദൈവവചനവും നൽകിയിരിക്കുന്നു. ഇതിനു പുറത്തു കടന്നാൽ രണ്ടിനും മരണമാണു ഫലം. പ്രാണവായു പോലെ സ്വീകരിച്ച് വചനംകൊണ്ട് ജീവിതത്തെ പുനഃർനിർവ്വചിക്കണം. വിശുദ്ധ വേദപുസ്തകം കേവലം ഒരു പുസ്തകമല്ല. ആദ്യം അത് എഴുതിയത് കടലാസിലുമല്ല. വിശ്വാസസമൂഹത്തിന്റെ ഹൃദയത്തിലാണ് അത് എഴുതപ്പെട്ടത്. നമ്മുടെ ഹൃദയത്തിൽ തിരുവചനങ്ങൾ എഴുതപ്പെടുന്നില്ലെങ്കിൽ അത് ആത്മീയ ജീവിതത്തിന്റെ പ്രാണവായുവായി മാറുന്നില്ലെങ്കിൽ അത് പുസ്തകമെന്നോ, അക്ഷരമെന്നോ, വെറും കടലാസെന്നോ പറയേണ്ടിവരും. വീണ്ടും ജനിക്കുന്നത് നശ്വരമായ ബീജത്തിൽ നിന്നല്ല. അനശ്വരവും സജീവവും സനാതനവുമായ ദൈവവചനത്തിൽ നിന്നാണ്. കേവലം പുസ്തകത്താളുകളിലല്ല, വീണ്ടും ജനിച്ച ദൈവപൈതലിന്റെ ഉള്ളിലാണ് കർത്താവിന്റെ വചനം നിത്യം നിലനിൽക്കുന്നത്.

പഴയനിയമം പുറമെയാണ് എഴുതിയിരുന്നത്, എന്നാൽ പുതിയത് ഉള്ളിലാണ് എഴുതുന്നത്. ഒന്നു പുറമെ എഴുതപ്പെട്ടു എങ്കിൽ, മറ്റേതു 'ഉള്ളിലാണ്' എഴുതപ്പെടുന്നത്. പുതിയനിയമം മഷി കൊണ്ടല്ല, ആത്മാവിനാലാണ് എഴുതിയിരിക്കുന്നത്. ഹൃദയം എന്ന മാംസപലകയിൽ. ഇരുപത്തിയേഴു പുസ്തകങ്ങളിലെ സന്ദേശം വായിച്ച്, സ്വീകരിച്ച് അതനുസരിച്ച് ജീവിക്കുമ്പോൾ മാത്രമാണ് പുതിയനിയമം ഫലവത്താകുന്നത്. മഷികൊണ്ടു പേപ്പറിൽ എഴുതുവാൻ പരിശുദ്ധാത്മാവു കാരണമായി തീർന്നു. എന്നാൽ ആ ഇരുപത്തിയേഴു പുസ്തകങ്ങളിലെ സന്ദേശം വായിച്ച്, സ്വീകരിച്ച് അതനുസരിച്ചു പ്രവർത്തിക്കുമ്പോഴാണ് ഹൃദയമെന്ന മാംസപലകയിൽ പരിശുദ്ധാത്മാവ് എഴുതി എന്നു പറയുവാൻ കഴിയുക.

ആഡംഭരമായി നടന്ന ഒരു വിവാഹാഘോഷത്തിൽ, വെള്ള നിറത്തിലുള്ള ബൈന്റോടുകൂടിയ ഒരു ബൈബിൾ പിടിച്ചുകൊണ്ടുവന്ന വധു. എല്ലാവരേയും വൈകാരികമായി ചലിപ്പിച്ചു. വരനും വധുവും അവരുടെ കൈകൾ ബൈബിളിൽ വെച്ചിരിക്കുന്ന ആരംഗം ഫോട്ടോഗ്രാഫർ പകർത്തി. വ്യക്തമായും, ആ ദമ്പതികൾ അതിനർത്ഥമാക്കി പറഞ്ഞത്, "ഞങ്ങളുടെ കുടുംബത്തിന്റെ അടിസ്ഥാനം ബൈബിൾ ആയിരിക്കും" എന്നാണ്. എന്നാൽ ആ പുസ്തകത്തിൽ എഴുതിയിരിക്കുന്നത് അവരുടെ ഹൃദയത്തിൽ എഴുതിയിട്ടില്ലായിരുന്നു. അവർ തങ്ങളുടെ "ബൈബിൾ" ഹണിമൂണിനും കൊണ്ടുപോയി, പക്ഷെ അവർ അതു വായിച്ചില്ല. അവരുടെ വീട്ടിൽ ആ വെള്ളനിറമുള്ള ബൈബിളിന് പ്രത്യക സ്ഥാനമുണ്ടായിരുന്നു. പക്ഷേ, അതു തുറന്നിരുന്നില്ല. ആ കുടുംബത്തിൽ അവർ ഒരുമിച്ചു തിരുവെഴുത്തു വായിച്ചില്ല. കുറെ മാസങ്ങൾക്കുശേഷം ആ യുവാവ് മറ്റു സ്ത്രീകളുമായി ബന്ധപ്പെടാൻ തുടങ്ങുകയും, ഭാര്യ വിവാഹമോചനത്തിനു കേസ് കൊടുക്കുകയും ചെയ്തു. ആ വെള്ള ബൈബിൾ അപ്പോഴും അവൾ സുരക്ഷിത സ്ഥാനത്തു വെച്ചിട്ടുണ്ടായിരുന്നു. എങ്കിലും അത് അവൾക്കു സന്തോഷത്തിനു പകരം കണ്ണുനീരാണ് നൽകിയത്. ബൈബിളിലെ ഉള്ളടക്കം ഹൃദയത്തിൽ എഴുതിയില്ലെങ്കിൽ, അതു ശക്തിരഹിതമായിരിക്കും. ആത്മാർത്ഥതയും സത്യസന്ധതയുമുള്ള ഹൃദയങ്ങളിൽ എഴുതപ്പെടുമ്പോഴാണ് ദൈവവചനം ശക്തമായി പ്രവർത്തിക്കുന്നത് (എബ്രാ. 4:12; ലൂക്കോ. 8:15).



# അത്ഭുതങ്ങളിലെ അത്ഭുതം



ഒറ്റയ്ക്ക് താമസിച്ചിരുന്ന ഒരാൾക്ക് ഓമനിച്ചുവളർത്താൻ ഒരു പക്ഷിയെ കിട്ടിയാൽ ഒറ്റപ്പെടലിന്റെ മടുപ്പ് മാറ്റാൻ കഴിയുമെന്ന് തോന്നി. അതിനാൽ അദ്ദേഹം വളർത്തുപക്ഷികളെ ലഭിക്കുന്ന കടയിൽ പോയി. അവിടെ, സംസാരിക്കുന്ന തത്ത എന്ന ബോർഡ് എഴുതിയ ഒരു കൂട് അദ്ദേഹത്തിന്റെ ശ്രദ്ധയാകർഷിച്ചു. അതിനുള്ളിൽ ഒരു തത്തയും. അദ്ദേഹം അതിന്റെ വില ചോദിച്ചു. 1000 രൂപ വില്പനക്കാരൻ പറഞ്ഞു. ഉടനെതന്നെ വളരെ സന്തോഷത്തോടെ ആ തത്തയെയും വാങ്ങി അദ്ദേഹം കടയിൽനിന്നിറങ്ങി.

ഒരാഴ്ച കഴിഞ്ഞു. അത്രയും ദിവസമായിട്ടും തത്ത സംസാരിക്കുന്നില്ലെന്ന് കണ്ട് അദ്ദേഹം തത്തയെ വാങ്ങിയ കടയിലേക്ക് ചെന്നു.

"ഈ തത്ത സംസാരിക്കുന്നില്ല".

"ഗോവണി കയറിയിട്ടും തത്ത സംസാരിക്കുന്നില്ലെന്നാണോ നിങ്ങൾ പറയുന്നത്?"വില്പനക്കാരൻ ചോദിച്ചു.

"ഗോവണിയോ, അതേക്കുറിച്ച് നിങ്ങളെന്നോട് ഒന്നും പറഞ്ഞില്ലല്ലോ?"

"ഓ, ക്ഷമിക്കണം. ഗോവണിക്ക് 100 രൂപയാണ് വില".

അതുകേട്ട് ആ മനുഷ്യൻ 100 രൂപ നല്കി ഗോവണി വാങ്ങി, കൂടിനകത്ത് വച്ചുകൊടുത്തു. ഒരാഴ്ച കടന്നുപോയി. പക്ഷേ, തത്ത സംസാരിച്ചില്ല! അദ്ദേഹം വീണ്ടും കടയിലെത്തി.

"ഇപ്പോഴും തത്ത സംസാരിക്കുന്നില്ല."

"ഗോവണി കയറി, കണ്ണാടി നോക്കിയിട്ടും തത്ത സംസാരിച്ചില്ലേ?

"കണ്ണാടിയോ?"

"സോറി, കണ്ണാടിക്ക് 100 രൂപയാകും".

100 രൂപ നല്കി കണ്ണാടിയും വാങ്ങി ആ മനുഷ്യൻ വീട്ടിലെത്തി. ആഴ്ച ഒന്നു കഴിഞ്ഞിട്ടും തത്തയുണ്ടോ സംസാരിക്കുന്നു! അദ്ദേഹം വീണ്ടും കടയിലെത്തി.

"നോക്കൂ, ഇപ്പോഴും തത്ത സംസാരിക്കുന്നില്ല."

"ഗോവണിയിൽ കയറി, കണ്ണാടിയിൽ നോക്കി, മണിയിലും കൊത്തിയിട്ടും തത്ത സംസാരിച്ചില്ലേ?".

"മണിയുടെ കാര്യം ആരും എന്നോട് പറഞ്ഞിരുന്നില്ലല്ലോ."

"ഓ ക്ഷമിക്കണം. മണി ഇവിടെത്തന്നെയുണ്ട്. 50 രൂപയാണ് വില".

അയാൾ മണി പക്ഷിക്കൂട്ടിൽ സ്ഥാപിച്ചു. വീണ്ടും ഒരാഴ്ച നീണ്ട കാത്തിരിപ്പ്. തത്ത സംസാരിച്ചില്ല. അല്പം രോഷത്തോടയാണ് അദ്ദേഹം കടയിലെത്തിയത്. എന്നാൽ ഇത്തവണ വില്പ്പനക്കാരൻ ചോദിച്ചത് ഇങ്ങനെയാണ്, ഗോവണിയിൽ കയറി, കണ്ണാടിയിൽ നോക്കി, മണിയിലും കൊത്തി, എന്നിട്ട് ഊഞ്ഞാലിൽ കയറിയിരുന്ന് തത്ത സംസാരിച്ചില്ലേ?

"ഊഞ്ഞാലിൽ കയറിയാലേ തത്ത സംസാരിക്കൂ എന്ന് പറഞ്ഞില്ലല്ലോ."

"ഓ ക്ഷമിക്കൂ, 200 രൂപ നല്കിയാൽ ഊഞ്ഞാൽ ഇവിടെ ലഭിക്കും."

ഒടുവിൽ അയാൾ അതും വാങ്ങി വീട്ടിലെത്തി. ഊഞ്ഞാൽ പക്ഷിക്കൂട്ടിൽ തൂക്കി. ഇത്തവണയും കാത്തിരുന്നതല്ലാതെ തത്ത സംസാരിച്ചില്ല. വീണ്ടും കടയിലെത്തിയ ആ മനുഷ്യനോട് വില്പന ക്കാരൻ ചോദിച്ചു,

"എങ്ങനെയുണ്ട് നിങ്ങളുടെ തത്ത?"

"അത് ചത്തു!".

"ചത്തെന്നോ? ചാകുംമുമ്പ് അത് സംസാരിച്ചില്ലേ?"

"ഉവ്വ്, ഒടുവിൽ അത് സംസാരിച്ചു".

"എന്താണ് സംസാരിച്ചത്?"

"ആ കടയിൽ തീറ്റയൊന്നും വില്ക്കുന്നില്ലേ എന്ന് ചോദിച്ചു!"

ഇതുപോലെയാണ് ഈ ലോകത്തിന്റെ അത്ഭുതദാസന്മാർ ചെയ്യുക. അവർ 'തത്ത സംസാരിക്കും' എന്ന തരത്തിലുള്ള വാഗ്ദാനങ്ങളാണ് നല്കുന്നത്. പക്ഷേ അതൊന്നും ലഭിക്കുകയില്ലെന്നുമാത്രമല്ല, അത് യാഥാർത്ഥ്യമാകാനുള്ള ആവശ്യങ്ങൾ കൂടിക്കൊണ്ടിരിക്കുകയും ചെയ്യും. കൂടെ നിർത്തി ചൂഷണം ചെയ്യുന്നത് ആരും അറിയുകയുമില്ല.





# വേദാഭിമാനിയുടെ മറുപടി

പൗരോഹിത്യം വാസ്തവത്തിൽ പുതിയനിയമത്തിലുണ്ടോ? പുരോഹിതൻ (നേതാവ്) വിശ്വാസികൾ (അണികൾ) എന്ന നിലയിലുള്ള ഇന്നത്തെ പോക്ക് വചനാനുസൃതമോ? പാറ മാത്രമല്ലല്ലോ സ്വർഗ്ഗരാജ്യത്തിന്റെ താക്കോലും നൽകപ്പെട്ടത് പത്രോസിനായിരിക്കെ ഒരു അധികാരസ്ഥാനം ഉണ്ടന്നല്ലേ അതിൽ നിന്ന് മനസിലാക്കേണ്ടത്? പെന്തക്കോസ്തിലും ഇതര സഭകളിലും കാണുന്ന കേന്ദ്രീകൃതമായ അധികാരകേന്ദ്രം തിരുവചനപ്രകാരം നീതികരിക്കാനാവുമോ? ഞാനൊരു കത്തോലിക്കനാണ്. ആ നിലയിലുള്ള ഒരു മറുപടിയാണ് പ്രതീക്ഷിക്കുന്നത്.

**ജോബി, നീരേറ്റുപുറം, കുറുമല, ചേലക്കര**

ക്രൂശിക്കപ്പെട്ടതിന്റെ തലേരാത്രിയാണ് യേശു തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകിയത് (യോഹ13:1-11). എന്നിട്ട് യേശു അവരോടു പറഞ്ഞു: ''നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുട പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം" (യോഹ.13:14). മരിക്കുന്നതിനു തൊട്ടുമുൻപായി ഗുരു തന്റെ ശിഷ്യന്മാർക്ക് കൊടുത്ത സന്ദേശമാണിത്. അപ്പോൾ, ഗുരുവിന്റെ നാളിതുവരെയുള്ള ജീവിതവും നിലപാടുകളും കാച്ചിക്കുറുക്കിയെടുത്ത സന്ദേശമാണ് കാലുകഴുകൽ. തന്റെ ശിഷ്യസമൂഹം എങ്ങനെയാകരുതെന്നും ഗുരു കണിശമായി നിർദ്ദേശിക്കുന്നുണ്ട്: 'വിജാതീയരുടെ ഭരണകർത്താക്കൾ അവരുടമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെയാകരുത്" (മത്താ.20:25-26). ഈ പാഠത്തോടു കൂട്ടിവയ്ക്കേണ്ട മറ്റൊന്നു കൂടിയുണ്ട്: 'നിങ്ങൾ റബ്ബി എന്നു വിളിക്കപ്പെടരുത്. എന്തെന്നാൽ നിങ്ങൾക്ക് ഒരു ഗുരുവേയുള്ളൂ. നിങ്ങളെല്ലാം സഹോദരന്മാരാണ്. ഭൂമിയിൽ ആരെയും നിങ്ങൾ പിതാവെന്നു വിളിക്കരുത്. എന്തെന്നാൽ, നിങ്ങൾക്ക് ഒരു പിതാവേ ഉള്ളൂ- സ്വർഗ്ഗസ്ഥനായ പിതാവ്. നിങ്ങൾ നേതാക്കന്മാർ എന്നും വിളിക്കപ്പെടരുത്. എന്തെന്നാൽ, ക്രിസ്തുവാണ് നിങ്ങളുടെ ഏക നേതാവ്. നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം (മത്താ. 23:8-11).



ഗുരുക്കന്മാരും പിതാക്കന്മാരും നേതാക്കന്മാരും ഇല്ലാത്ത ഒരു സമൂഹമായിട്ടാണ് യേശു തന്റെ ശിഷ്യസമൂഹത്തെ സ്വപ്നം കണ്ടത്. ഈ ശിഷ്യസമൂഹത്തിന്റെ ഘടന ഏതു രൂപത്തിലായിരിക്കണമെന്നത് ഈ സുവിശേഷ വാക്യങ്ങളിൽ നിന്ന് വ്യക്തമല്ലെങ്കിലും ഏതു രൂപത്തിലായിരിക്കരുത് എന്നതു സുവ്യക്തമാണ്. യേശുവിന്റെ കാലത്തെ റോമാസമൂഹം അനേകം തട്ടുകളായി അങ്ങേയറ്റം വിഭജിതമായിരുന്നു. അക്കാലത്തെ യഹൂദസമൂഹവും തട്ടുകളായി വേർതിരിക്കപ്പെട്ടിരുന്നു. തന്റെ ശിഷ്യസമൂഹം കെട്ടിലും മട്ടിലും റോമാ സമൂഹഘടനയോടോ, യഹൂദ സമൂഹഘടനയോടോ ഒരുവിധ സമാനതയും പുലർത്താൻ പാടില്ലെന്ന് യേശുവിന് നിർബന്ധമുണ്ടായിരുന്നു എന്നുവേണം അനുമാനിക്കാൻ. 'റബ്ബി' എന്ന് യഹൂദ നേതാക്കൾ വിളിക്കപ്പെട്ടപ്പോൾ തന്റെ ശിഷ്യന്മാർ അറിയപ്പെടേണ്ടത് 'ദിയാക്കോണോസ്' (ഡീക്കൻ) എന്നാണ്. ഈയൊരു വാക്ക് പഴയനിയമത്തിന്റെ ഗ്രീക്കുപരിഭാഷയിൽ കാണപ്പെടാത്ത ഒന്നാണ്. വീട്ടുജോലിക്കുപയോഗിക്കുന്ന ഭൃത്യരെക്കുറിക്കുന്ന പദമാണ് ഡീക്കൻ. യേശുവിന്റെ ശിഷ്യസമൂഹത്തിലെ ഒരു പ്രത്യേക പദവിയുടെ പേരല്ല ഡീക്കൻ. പിന്നെയോ, ആ സമൂഹത്തിലെ ഓരോ വ്യക്തിയുടെയും ജീവിതശൈലിയെക്കുറിക്കുന്ന വാക്കാണത്. എല്ലാവരും ഭൃത്യരാകാൻ ശ്രമിക്കുന്ന, ആരും നേതാവാകാൻ ശ്രമിക്കാത്ത ഒരു സമൂഹം പ്രയോഗതലത്തിൽ എങ്ങനെയിരിക്കും? അരാജകത്വത്തിലേക്കു ചാഞ്ഞുനില്ക്കുന്ന ഒന്നായി നമുക്ക് അത് ഒറ്റനോട്ടത്തിൽ വിഭാവനം ചെയ്യാനാകും. ആ സാധ്യത നിലനില്ക്കേ, യേശു എന്തേ ഇന്നുവരെ നിലനിന്ന ഏതെങ്കിലും സാമൂഹിക ഘടനയെ മാതൃകയാക്കിയില്ല? അരാജകത്വം സൃഷ്ടിക്കുന്ന ക്രമരാഹിത്യത്തെക്കാൾ കേന്ദ്രീകൃത അധികാരസംവിധാനത്തിൽ ഉൾച്ചേർന്നിരിക്കുന്ന ജീർണ്ണതയാണ് പ്രശ്നതരമെന്ന് അവിടുന്ന് ധരിച്ചിട്ടുണ്ടാകണം. 'അധികാരം ദുഷിപ്പിക്കുന്നു, സമ്പൂർണ്ണ അധികാരം സമ്പൂർണ്ണമായും ദുഷിപ്പിക്കുന്നു' എന്ന പത്തൊമ്പതാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് ചരിത്രകാരൻ ലോർഡ് ആക്റ്റണിന്റെ നിരീക്ഷണം യേശുവിന്റെ ചിന്താധാരകളെ അടിസ്ഥാനമാക്കിയുള്ളതാണ്.

ഇവിടെ നാം അവശ്യം പരിഗണിക്കേണ്ട ഒരു വസ്തുത പത്രോസിനോട് യേശു കേസറിയാ ഫിലിപ്പി പ്രദേശത്തു വച്ചു പറയുന്ന ചില കാര്യങ്ങളാണ്. പത്രോസ് എന്ന പാറയുടെ പുറത്താണ് സഭ പണിയപ്പെടുന്നത്, സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ പത്രോസിനാണ് നല്കപ്പെട്ടത്. പത്രോസ് ഭൂമിയിൽ കെട്ടുന്നതും അഴിക്കുന്നതും സ്വർഗ്ഗത്തിൽ അതേപടി പ്രതിഫലിച്ചിരിക്കും തുടങ്ങിയ കാര്യങ്ങളാണല്ലോ മത്തായി 16:13-20 ൽ നാം വായിക്കുന്നത്. ധാരാളം വാഗ്വാദങ്ങൾക്ക് ഇട നല്കിയ ഒരു സുവിശേഷ ഭാഗമാണിത്. കത്തോലിക്കാ-പ്രൊട്ടസ്റ്റന്റ് ബൈബിൾ പണ്ഡിതർക്കിടയിൽ വളരെ വിഭിന്നമായ വ്യാഖ്യാനങ്ങൾ ഈ വചനഭാഗത്തെ ആസ്പദമാക്കി നിലനില്ക്കുന്നുണ്ട്.

ഏതെങ്കിലും ഒരു വ്യാഖ്യാനം മാത്രം സ്വീകരിക്കുന്നത് കണ്ണടച്ച് ഇരുട്ടാക്കുന്നതിനു തുല്യമായിരിക്കും. പലവിധ വാദമുഖങ്ങൾ പരിഗണിക്കുന്നത് ഈ മറുപടിയുടെ പരിധിയിൽപ്പെടുന്നതല്ല എന്നുമാത്രം ഇവിടെ സൂചിപ്പിക്കട്ടെ.

നമുക്ക് ഇവിടെ പരിഗണിക്കാനുള്ളത് ആദിമസഭയിൽ പത്രോസിന്റെ പങ്കെന്തായിരുന്നു എന്നതാണ്. യെരുശലേം സുന്നഹദോസിൽ വച്ച് അതിപ്രധാനമായ ഒരു പ്രശ്നം: വിജാതീയർ ക്രിസ്ത്യാനികളാകാൻ പരിച്ഛേദനത്തിനു വിധേയമാകണോ വേണ്ടയോ എന്നതായിരുന്നു. പൗലോസും ബർണ്ണബാസും വിജാതീയർ പരിച്ഛേദനം സ്വീകരിക്കേണ്ട എന്ന ശക്തമായ നിലപാടു സ്വീകരിച്ചു. യാക്കോബും പത്രോസും ഈ അഭിപ്രായത്തെ വീറോടെ എതിർക്കുകയാണ് ഉണ്ടായത്. എന്നാൽ പ്രസ്തുത സുന്നഹദോസിൽ പൗലോസിന്റെ വാദം പത്രോസ് അംഗീകരിക്കുന്നതായിട്ടാണ് നാം കാണുന്നത് (അ.പ്ര. 15:1-21). പിന്നീട് പത്രോസ് അന്ത്യോക്യയിൽ വന്നപ്പോൾ താൻ പത്രോസിന്റെ മുഖത്തു നോക്കി എതിർത്തുവെന്ന് പൗലോസ് അവകാശപ്പെടുന്നുമുണ്ട് (ഗലാ. 2:11). ചോദ്യം ചെയ്യപ്പെടാത്ത ഒരധികാരസ്ഥാനം പത്രോസിനില്ലായിരുന്നുവെന്ന് ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ വ്യക്തമല്ലേ.

പന്ത്രണ്ടു ശ്ലീഹന്മാരെ സുവിശേഷദൗത്യവുമായി യേശു അയയ്ക്കുമ്പോൾ കൊടുക്കുന്ന നിർദ്ദേശങ്ങൾ സമാന്തരസുവിശേഷങ്ങളിൽ മൂന്നിലുമുണ്ട് (മർക്കോ. 6:7-13; മത്താ. 10:5-15; ലൂക്കോ. 9:1-6). "വേറെ എഴുപത്തിരണ്ടുപേരെ" യേശു തെരഞ്ഞെടുത്ത് അയയ്ക്കുമ്പോഴും ചില നിർദ്ദേശങ്ങൾ അവർക്ക് കൊടുക്കുന്നുണ്ട്. (ലൂക്കോ. 10:1-11). ഈ രണ്ടു നിർദ്ദേശങ്ങളും തമ്മിൽ കാര്യമായ ഒരു വ്യത്യാസവുമില്ലെന്ന് മനസ്സിലാക്കാൻ വിവിധ സുവിശേഷഭാഗങ്ങളുടെ ഒരു താരതമ്യ വായന മാത്രം മതി. പന്ത്രണ്ടുപേർക്കും എഴുപത്തിരണ്ടുപേർക്കും കൊടുത്തിരിക്കുന്ന പ്രാധാന്യം ഏകദേശം ഒന്നുതന്നെ. നൈയാമികവും സുസംഘടിതവും രാജത്വത്തോടു ചേർന്നുനില്ക്കുന്നതുമായ ഒരധികാരസംവിധാനമായി അപ്പോസ്തോലിക കൂട്ടായ്മ ആദിമസഭയിൽ രൂപപ്പെട്ടിരുന്നില്ല എന്ന് അങ്ങനെ നമുക്ക് വ്യക്തമാകുന്നു.

പന്ത്രണ്ടുപേരെ അയച്ചപ്പോഴും എഴുപത്തിരണ്ടു പേരെ അയച്ചപ്പോഴും യേശു കൊടുത്ത ചില നിർദ്ദേശങ്ങൾ ഇവയാണ്. യാത്രയ്ക്ക് വടിയല്ലാതെ മറ്റൊന്നും - അപ്പമോ, സഞ്ചിയോ, അരപ്പട്ടയിൽ പണമോ-കരുതരുത്; ചെരുപ്പ് ധരിക്കാം; രണ്ട് ഉടുപ്പുകൾ ധരിക്കരുത്. ഇവ്വിധത്തിൽ തന്റെ ദൗത്യനിർവ്വഹണത്തിൽ ഏർപ്പെടുന്ന ഒരു വ്യക്തിക്ക് ഇന്നു പുരോഹിതസമൂഹം കൈയാളുന്ന അധികാരവും സ്വാധീനവും കൈവരില്ല എന്നതു പകൽപോലെ വ്യക്തമാണല്ലോ. സ്വന്തമായി ഒരു ഭവനം പോലും ഇല്ലാതെ ചുറ്റിസഞ്ചരിക്കുന്ന അപ്പസ്തോലനെയാണ് യേശു മനസ്സിൽ കണ്ടത്. അധികാരകേന്ദ്രം ഉണ്ടാകണമെങ്കിൽ ഏതെങ്കിലും സ്ഥലത്ത് ഒരു വലിയ കെട്ടിടം പണിയപ്പെടണം; അതിൽ വസിക്കാൻ ഒരധികാരിയും വേണം. അപ്പസ്തോലന്മാരോടു തന്റെ ദൗത്യവുമായി അലഞ്ഞുനടക്കാൻ യേശു ആവശ്യപ്പെടുമ്പോൾ കേന്ദ്രീകൃതമായ അധികാര സംവിധാനത്തിന്റെ സാധ്യതതന്നെയാണ് അവിടുന്ന് തള്ളിക്കളയുന്നത്.

ആദിമസഭയിൽ അപ്പസ്തോലന്മാരുടെ യോഗ്യതയായി പരിഗണിക്കപ്പെട്ടത് എന്തായിരുന്നു എന്നതുകൂടി അന്വേഷണവിധേയമാക്കേണ്ടതുണ്ട്. ഫിലിപ്പിയർ 2:5-11 ൽ എന്തുകൊണ്ടാണ് ദൈവം യേശുവിനെ അത്യധികം ഉയർത്തിയത് എന്നു പറയുന്നുണ്ടല്ലോ. ഉണ്ടായിരുന്ന ഒരവകാശം - ദൈവവുമായുള്ള സമാനത - വേണ്ടെന്നുവച്ച് ദാസനായി തീർന്ന് ഒന്നുമല്ലാതായി തീർത്തുകൊണ്ടാണ് യേശുവിന് എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കപ്പെടുന്നത്. "എനിക്ക് ജീവിതം ക്രിസ്തു" വാണെന്നു (ഫിലി 1:21) പറഞ്ഞ പൗലോസ് എങ്ങനെയാണ് ക്രിസ്തുവിനെ സ്വന്തം ജീവിതത്തിൽ ആവിഷ്കരിച്ചത്? അതിന്റെ ഒരു വിവരണം 1 കൊരി. 9:1-18 ൽ നാം വായിക്കുന്നുണ്ട്. ജോലി ചെയ്യുന്നവൻ കൂലിക്ക് അർഹനാണെന്നത് ഒരു സാർവ്വത്രിക പ്രമാണമാണ്. സുവിശേഷപ്രഘോഷകർ സുവിശേഷം കൊണ്ടുതന്നെ ഉപജീവനം കഴിക്കണമെന്ന് കർത്താവുതന്നെ കല്പ്പിച്ചതുമാണ്. എന്നാൽ ഇതൊന്നും താൻ ഉപയോഗപ്പെടുത്തുന്നില്ല എന്നാണ് പൗലോസ് കൊരിന്ത്യരുടെ മുന്നിൽ സാഭിമാനം വാദിക്കുന്നത്. താനിരുന്ന കസേരയുടെയും അണിഞ്ഞ ആടയാഭരണങ്ങളുടെയും കൈയിലിരിക്കുന്ന അധികാരദണ്ഡിന്റെയും പിൻബലത്തിലല്ല താൻ ക്രിസ്തുവിന്റെ പിൻഗാമിയാണെന്നു പൗലോസ് സ്ഥാപിക്കുന്നത്, പിന്നെയോ ക്രിസ്തുവിനെപ്പോലെ സ്വന്തം അവകാശം വേണ്ടെന്നുവച്ചു എന്നതിന്റെ പിൻബലത്തിലാണ്. അപ്പസ്തോലന്മാരെ ദൈവം തെരഞ്ഞെടുത്തത് സിംഹാസനങ്ങളിലിരുന്ന് വിധി പ്രസ്താവിക്കാനാണെന്ന് പൗലോസ് കരുതുന്നില്ല. "ദൈവം... ഞങ്ങളെ മരണത്തിനു വിധിക്കപ്പെട്ടവരെപ്പോലെ ഏറ്റവും അവസാനത്തെ നിരയിൽ പ്രദർശിപ്പിച്ചിരിക്കുന്നുവെന്ന് ഞാൻ വിചാരിക്കുന്നു. ഈ നിമിഷംവരെ ഞങ്ങൾ വിശന്നും ദാഹിച്ചും നഗ്നരായും പ്രഹരങ്ങളേറ്റും പാർപ്പിടമില്ലാതെയും കഴിയുന്നു. സ്വന്തം കൈകൊണ്ട് ഞങ്ങൾ അദ്ധ്വാനിക്കുന്നു. നിന്ദിക്കപ്പെടുമ്പോൾ ഞങ്ങൾ അനുഗ്രഹിക്കുന്നു; പീഡിപ്പിക്കപ്പെടുമ്പോൾ അടിപതറാതെ നില്ക്കുന്നു... ഞങ്ങൾ ഇപ്പോൾ ലോകത്തിന് ചപ്പും ചവറും പോലെയും എല്ലാറ്റിന്റെയും ഉച്ഛിഷ്ടം പോലെയുമായിത്തീർന്നിരിക്കുന്നു" (1 കൊരി. 4:9-13).

സ്വർണ്ണതാക്കോലും കൈയിൽ പിടിച്ച്, കിരീടവും ചൂടി, നീളമുള്ള അങ്കിയും ധരിച്ച് സിംഹാസനാരൂഢരായ ശ്ലീഹന്മാർ മനുഷ്യഭാവനയിൽ ഉടലെടുത്ത ഒന്നാണ്. അതിന് ദൈവവചനവുമായി ഒരു ബന്ധവുമില്ല. യാഥാർത്ഥ്യത്തിന് നിരക്കുന്നതുമല്ല. (തുടരും)

WEBSITE vedahimani.com
FACE BOOK vedahimani
MAIL vedahimani@gmail.com
YouTube vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Aug: 2022 at RMS Kayamkulam
Published on Ist Aug: 2022
RNI Registered No. KERMAL/2002/7361

# ഡി.എൻ.എ ഘടന കണ്ടെത്തിയ റോസാലിൻഡ് ഫ്രാങ്ക്ളിൻ



**ഡി.**എൻ.എ.യുടെ ഘടന കണ്ടെത്തുന്നതിൽ വിലപ്പെട്ട സംഭാവന നൽകിയ ബ്രിട്ടീഷ് ശാസ്ത്രജ്ഞയാണ് റോസാലിൻഡ് ഫ്രാങ്ക്ളിൻ. ഡി.എൻ.എ കൂടാതെ ആർ.എൻ.എ, വൈറസുകൾ, കൽക്കരി, ഗ്രാഫൈറ്റ് എന്നിവയുടെ ഘടന കണ്ടെത്തുന്നതിലും ഗണ്യമായ സംഭാവനകൾ നൽകി.

ഇംഗ്ലണ്ടിൽ ജനിച്ച റോസാലിൻഡ് 1945-ൽ കേംബ്രിജ് യൂണിവേഴ്സിറ്റിയിൽനിന്നു പി.എച്ച്.ഡി നേടി. 1951-ൽ ലണ്ടൻ കിംഗ്സ് കോളജിലെ ബയോഫിസിക്കൽ ലബോറട്ടറിയിൽ ചേർന്നു. അവിടെവച്ചാണ് ഡി.എൻ.എ.യുടെ ഘടനയെക്കുറിച്ചുള്ള ഗവേഷണങ്ങൾ നടത്തിയത്. 1958-ലാണ് മരണം. ഡി.എൻ.എ.യുടെ പിരിയൻ ഗോവണി ഘടനയും അതിലെ തൻമാത്രാഘടനയും റോസാലിൻഡ് കണ്ടെത്തി. ഈ കണ്ടെത്തലിനെ അടിസ്ഥാനമാക്കിയാണ് ഡി.എൻ.എ.യുടെ ഘടന ഡബിൾ ഹീലിക്സ് പോളിമെർ ആണെന്നു ജയിംസ് വാട്സണും ഫ്രാൻസിസ് ക്രിക്കും ചേർന്ന് 1953-ൽ കണ്ടെത്തിയത്.

## ശത്രുവും സുഹൃത്തും

**അ**മേരിക്കൻ ആഭ്യന്തരയുദ്ധം നടക്കുന്ന സമയം. പ്രസിഡന്റ് ഏബ്രഹാം ലിങ്കൺ ഒരു യോഗത്തിൽ സംസാരിക്കുകയായിരുന്നു. ആഭ്യന്തരയുദ്ധത്തിലെ എതിരാളികളായ തെക്കൻ പക്ഷക്കാരെപ്പറ്റി ലിങ്കൺ പ്രസംഗത്തിൽ നല്ല വാക്കുകൾ പറഞ്ഞു.

അതുകേട്ടപ്പോൾ സദസ്സിലിരുന്ന ഒരു സ്ത്രീ ചോദിച്ചു: "സർ, ശത്രുക്കളെ ഇല്ലാതാക്കുന്നതിനു പകരം അവരെപ്പറ്റി ദയയോടെ സംസാരിക്കുന്നത് എങ്ങനെയാണ്?"

അതുകേട്ട ലിങ്കൺ തിരിച്ചു ചോദിച്ചു: "മാഡം, അവരെ സുഹൃത്തുക്കളാക്കുമ്പോൾ ഞാൻ ശത്രുക്കളെയും ശത്രുതയെയും ഇല്ലാതാക്കുകതന്നെയല്ലേ ചെയ്യുന്നത്?".




## നാം എങ്ങനെ അറിയപ്പെടും?



**നൂ**റിൽ പരം വർഷങ്ങൾക്കു മുൻപ് ആൽഫ്രഡ് നോബൽ പത്രം വായിച്ചപ്പോൾ താൻ മരിച്ചുപോയതായി തെറ്റായി റിപ്പോർട്ടുചെയ്തിരിക്കുന്നതു കണ്ടു. വാർത്തയുടെ ഹെഡ്ഡിങ് 'ഡൈനാമിറ്റ് വീരൻ ചരമമടഞ്ഞു' എന്നായിരുന്നു. ഡൈനാമിറ്റ് എന്ന സ്ഫോടകവസ്തു കണ്ടുപിടിച്ചത് നോബൽ ആയിരുന്നല്ലോ,

വാർത്ത തന്റെ വികാരത്തെ തൊട്ടുണർത്തി. അനേകരെ കൊല്ലുന്ന മാരകവസ്തുവിന്റെ ജനയിതാവ് എന്നറിയപ്പെടുന്നതിൽ അദ്ദേഹത്തിന് വലിയ ദുഃഖം തോന്നി.



ഈ പേരുദോഷം മാറ്റി എടുക്കാൻ ഇനി എന്തു ചെയ്യാനാവും എന്നായി അദ്ദേഹത്തിന്റെ ചിന്ത. ഇതിന്റെ ഫലമായി തന്റെ സ്വത്ത് വിനിയോഗം ചെയ്ത് അദ്ദേഹം സ്ഥാപിച്ചതാണ് ലോകപ്രസിദ്ധമായ നോബൽ സമ്മാനം. സമാധാനത്തിനും മനുഷ്യപുരോഗതിക്കും വേണ്ടി പ്രവർത്തിക്കുന്നവർക്കുള്ള ഉന്നത പുരസ്കാരം ഏർപ്പെടുത്തിയ മഹാൻ എന്ന നിലയിൽ ഇന്നു നോബൽ ആദരിക്കപ്പെടുന്നു. മരണാനന്തരം നാം എങ്ങനെ അറിയപ്പെടും?

## സകലവും അതതിന്റെ സമയത്ത്



**ത**ങ്ങളുടെ സഭാശുശ്രൂഷകന് അത്ഭുതങ്ങൾക്കും വീര്യപ്രവൃത്തികൾക്കുമുള്ള വരം ഇല്ലെന്ന് ആക്ഷേപം സഭാംഗങ്ങൾക്കുണ്ടായിരുന്നു. അതറിഞ്ഞ ബുദ്ധിമാനായ ശുശ്രൂഷകൻ ഒരു ദിവസം പ്രഖ്യാപിച്ചു: "അടുത്ത ഞായറാഴ്ച സഭായോഗാനന്തരം എല്ലാവരും സെമിത്തേരിയിൽ വരണം. ഞാൻ ഒരാളെ ജീവിപ്പിക്കും." എല്ലാവരും ശവക്കോട്ടയിൽ എത്തി, ശുശ്രൂഷകൻ ഒരു കല്ലറയുടെ അരികിൽ ചെന്നു പ്രാർത്ഥിക്കാൻ തുടങ്ങിയപ്പോൾ ഒരു മധ്യവയസ്കൻ ഓടിവന്നു പറഞ്ഞു: "അയ്യോ അതു വേണ്ട. വർഷങ്ങൾ കിടക്കയിൽ കിടന്നു നരകിച്ചു മരിച്ച എന്റെ അപ്പൻ തിരിച്ചു വന്നാൽ ഇനി ഞങ്ങൾക്കു ശുശ്രൂഷിക്കാൻ വയ്യ.

ശുശ്രൂഷകൻ ഉടനെ ഒരു ചെറുപ്പക്കാരിയുടെ കല്ലറയുടെ അരികിലേക്കു നീങ്ങി. ഉടനെ ഒരു യുവാവ് "അയ്യോ അത് എന്റെ ആദ്യഭാര്യ സൂസിയുടെ കല്ലറയാണ്. ഇനി അവൾ എഴുന്നേറ്റുവന്നാൽ എന്റെ കുടുംബജീവിതം തകരും".

തുടർന്ന് ശുശ്രൂഷകൻ ഒരു കുഞ്ഞിന്റെ കല്ലറയുടെ മുൻപിൽ എത്തി. ഉടനെ ആ കുഞ്ഞിന്റെ അമ്മ ഓടിവന്ന് "അംഗവൈകല്യമുള്ള ആ കുഞ്ഞിനെ ഇനി ജീവിപ്പിച്ചാൽ മൂത്ത കുട്ടികൾക്കും ഇളയകുട്ടികൾക്കും തനിക്കും എല്ലാം പ്രയാസമാകും" എന്നറിയിച്ചു. മരിച്ചവരെ ആരെയും ഉയിർപ്പിക്കാൻ ആർക്കും സമ്മതമായിരുന്നില്ല.

"അവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു" - (സഭാപ്രസംഗി 3:11).

### നഷ്ടബോധം

അടുപ്പിൽ ഇരുന്ന് വെന്ത് നീറുന്ന കോഴിയിറച്ചി ഭരണിയിൽ ഇരുന്ന ഉപ്പിനെ നോക്കി പറഞ്ഞു: എനിക്ക് ജീവനുള്ള ശരീരം ഉണ്ടായിരുന്നു.

ഉപ്പ് ചിരിച്ചുകൊണ്ട് പറഞ്ഞു: സുഹൃത്തേ, പണ്ട് എന്നിൽ ഒരു കടൽ ഉണ്ടായിരുന്നു.

### ഉറപ്പ്

എല്ലാ പിറന്നാളിനും അവർ മക്കളെ ഓർമ്മപ്പെടുത്തി. അടുത്തവർഷം ഞാൻ കാണില്ല. സദ്യ കേമമാക്കണം. ആവർത്തനം കേട്ട് ദൈവം പറഞ്ഞു: ഉറപ്പാണ്. അവർ പറഞ്ഞു: മാപ്പാക്കണം അറിയാതെ പറഞ്ഞുപോയതാണ്.

### അവധി

തിങ്കൾ മുതൽ ശനി വരെ ഓരോ കാരണങ്ങൾ പറഞ്ഞ് മടിപിടിച്ച് വീട്ടിൽ ഇരിക്കുക എന്നത് അയാളുടെ സ്ഥിരം പരിപാടിയാണ്. ഭാര്യയ്ക്ക് ഇത് കാണുമ്പോൾ കലികയറും. ഞായറാഴ്ച ആരാധനയ്ക്കെങ്കിലും പോകരുതോ മനുഷ്യാ. ഉടനെ വരും അയാളുടെ മറുപടി: ഞായറാഴ്ച അവധിയാണെന്ന് ദൈവത്തിന് അറിയാമെടീ.

## ഡയലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ കണ്ടതും കേട്ടതും വേദാഭിമാനി പറയാത്തതെന്തേ?

റജി ഈപ്പൻ, ആക്കുളം, ഉള്ളൂർ, തിരുവനന്തപുരം

☹ **കണ്ടവന്റെ കഞ്ഞികുടി മുട്ടും. വേദത്തിന്റെ അഭിമാനവും പോകും.**

☺സമൃദ്ധിയുടെ സുവിശേഷത്തിന്റെ വിജയപരാജയങ്ങൾ?

മോളമ്മ പാപ്പച്ചൻ, വയ്യാറ്റുപുഴ, ചിറ്റാർ,പത്തനംതിട്ട

☹**സുവിശേഷം പരാജയപ്പെട്ടു. ആക്രാന്തം വിജയിച്ചു.**

☺മടിയിൽ കനമുള്ളവന് വഴിയിൽ പേടിക്കണോ?

പി.എൻ.ഫിലിപ്പ്, പൂമല, പെണ്ണുക്കര, ചെങ്ങന്നൂർ

☹ **വേണ്ട, ഉയർത്തിപ്പിടിച്ച വാടിവാളുമായി എപ്പോഴും ആളുകൂടെയുണ്ടായാൽ മതി.**

☺മുഖം നോക്കാതെ നടപടി എടുത്തിരുന്നെങ്കിൽ ആത്മീയ സമൂഹത്തിൽ കൊള്ളരുതായ്മ വളരുമായിരുന്നോ?

എലിസബത്ത് കോശി, കടമ്പനാട്, മഞ്ഞിലപ്പള്ളി, പത്തനംതിട്ട

☹**അതിന് മുഖമുള്ളവർ വരണ്ടേ**

☺സെഞ്ച്വറി അടിയ്ക്കാൻ നോക്കിയിട്ട് ഇഞ്ചുറി യാണല്ലോ?

ജോയമ്മ ഫിലിപ്പ്, ചുങ്കത്തറ, നിലമ്പൂർ

☹**പഞ്ചറൊട്ടിച്ച് ഇനിയും മുന്നോട്ട്**

☺നാട്ടിലെ ഇന്നത്തെ സ്ഥിതിയനുസരിച്ച് ഒരു പഴഞ്ചൊല്ല്?

ജോമോൻ ദാനിയേൽ, പിറവത്തൂർ, അച്ചൻകോവിൽ, കൊല്ലം

☹**കറുപ്പു പേടിച്ച് വെളിപ്പിക്കാൻ നോക്കിയാൽ പാണ്ടാകും**

☺യേശുവിൽ വിശ്വസിച്ചാൽ സമ്പത്തും അനുഗ്രഹവും ഉണ്ടാകും എന്നു വിശ്വസിച്ച ഞാൻ വഴിയാധാരമായി. എനിക്കു പറ്റിയ അമളിയെ എന്തിനോട് ഉപമിക്കാം?

ജോർജ്ജ് കുര്യൻ, പുതുവൈപ്പ്, തോണിപ്പാലം, എറണാകുളം

☹**ലോങ്ട്രിപ്പ് പോകുന്ന വണ്ടിയിൽ ഡ്രൈവറായാൽ ഒരുപാട് നല്ല കാഴ്ചകൾ കാണാം എന്നു കേട്ടുവിശ്വസിച്ച് ഗൾഫിൽ ട്രക്ക് ഡ്രൈവറായവനോടു ഉപമിക്കാം.**




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally